രക്ഷയുടെ പാതയിൽ
സീറോ മലബാർ സഭയുടെ
വിശ്വാസ പരിശീലന പാഠാവലി

# ഈശോയുടെ പ്രബോധനങ്ങൾ

സ്റ്റാൻഡേർഡ് - 7

## അദ്ധ്യാപക സഹായി


*Prepared by:*
**Syro - Malabar Catechetical Centre**
**Mount St. Thomas, Kakkanad, Kochi - 682 021**

*Title :*
**RASHAKANE KATHIRUNNA JANAM**
**(Malayalam)**

*Text Prepared by*
SHAJI MALIPPARA

*Published by*
DEPARTMENT OF CATECHESIS
ARCHDIOCESE OF ERNAKULAM - ANGAMALY

*Distributed by*
DEPARTMENT OF CATECHESIS
RENEWAL CENTRE, KALOOR, KOCHI - 682017
KERALA, INDIA



# ആമുഖം

ഏഴാം ക്ലാസ്സിലെ കുട്ടികൾക്ക് വിശ്വാസപരിശീലനം നൽകുന്ന വ്യക്തിയാണ് നിങ്ങൾ. കേവലം പത്തു വയസ്സ് പ്രായമുള്ള മാലാഖക്കുഞ്ഞുങ്ങളാണല്ലോ നിങ്ങളുടെ മുമ്പിലിരിക്കുന്നത്. സത്യവിശ്വാസത്തിന്റെ ബാലപാഠങ്ങൾ അവർക്ക് പകരേണ്ട ചുമതലയാണ് നിങ്ങൾക്കുള്ളത്. അതു നന്നായി നിർവ്വഹിക്കാൻ നിങ്ങൾക്കു കഴിയുമോ?

ഒന്നോർത്തുനോക്കൂ. ഏഴാം ക്ലാസ്സിൽ വച്ച് എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾ സൺഡേ സ്ക്കൂളിൽനിന്ന് പഠിച്ചത്. അവിടെ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു? അവ ഇന്നത്തെ കുട്ടികൾക്ക് നിങ്ങളും നൽകേണ്ടതല്ലേ? അക്കാലത്ത് നിങ്ങൾക്ക് ക്ലാസ്സിൽ നിന്ന് ലഭിച്ചിട്ടുള്ള സന്തോഷാനുഭവങ്ങൾ ഓർമ്മയുണ്ടോ? അത്തരം അനുഭവങ്ങൾ ഇന്നത്തെ കുട്ടികൾക്കും ലഭിക്കേണ്ടേ?

ഇനി ചോദ്യമൊന്നു മറിച്ചാകാം. പഠിച്ചിരുന്ന കാലത്ത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കിയതും മതബോധനത്തിൽ താൽപര്യം കുറയ്ക്കുന്നതുമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? അത്തരം അനുഭവങ്ങളൊന്നും നമ്മുടെ ക്ലാസ്സിലെ കുട്ടികൾക്ക് ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതല്ലേ?

മറ്റൊരു കാര്യവും കൂടി ഓർമ്മിപ്പിക്കട്ടെ. കാലം മാറുകയാണ്. കുട്ടികളുടെ ജീവിതസാഹചര്യങ്ങളിലും താല്പര്യങ്ങളിലും പ്രവർത്ത

നങ്ങളിലുമൊക്കെ വലിയ മാറ്റങ്ങളുണ്ട്. അധ്യാപകരെന്ന നിലയിൽ അതു പരിഗണിക്കാതെ പറ്റില്ല. അതേസമയം മാറ്റങ്ങളുടെ ലോകത്ത് മാറ്റമില്ലാത്ത ദൈവത്തെയും മാറ്റം വരാത്ത ക്രിസ്തീയ സത്യങ്ങളെയും കുട്ടികളിൽ ഉറപ്പിക്കുകയാണ് വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം. അതിനു സഹായിക്കുന്ന പാഠപുസ്തകം നിങ്ങളുടെ പക്കലുണ്ട്. ഇപ്പോഴിതാ അധ്യാപകർക്കായി പ്രത്യേകം തയ്യാറാക്കിയ അഞ്ചാം ക്ലാസ്സിലെ അധ്യാപക സഹായിയും നിങ്ങളുടെ കൈകളിലെത്തിക്കഴിഞ്ഞു. കഴിവുകൾ വളർത്തിയും കുറവുകൾ നികത്തിയും നല്ലൊരു ടീച്ചറാകാൻ നിങ്ങൾക്കു കഴിയട്ടെ. അതിന് ഈ അധ്യാപക സഹായി നിങ്ങളെ സഹായിക്കും.

## അധ്യാപകസഹായി എന്ത്? എന്തിന്?

ഒരു അധ്യാപകസഹായി ടീച്ചറിന്റെ വഴികാട്ടിയാണ്. പാഠപുസ്തകത്തിന്റെ അനുബന്ധമാണ്. പാഠങ്ങളുടെ വ്യാഖ്യാനരൂപമാണ്.

പല വിധത്തിൽ ഇത് ടീച്ചറിന് സഹായമേകുന്നുണ്ട്.

- പാഠത്തിന്റെ ലക്ഷ്യം ഗ്രഹിക്കാൻ
- പാഠത്തിന്റെ ഉള്ളടക്കം മനസ്സിലാക്കാൻ
- പാഠസംബന്ധിയായ സംശയങ്ങൾ അകറ്റാൻ
- കുട്ടികൾക്ക് തൃപ്തികരമായ മറുപടി നൽകാൻ
- പഠന പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ഉചിതമായ പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടുപിടിക്കാൻ
- പാഠപുസ്തകത്തെ ശരിയായി ഉപയോഗപ്പെടുത്താൻ
- അധികവിവരങ്ങൾ ശേഖരിക്കാൻ
- സ്വന്തം അധ്യാപനരീതികളെ മെച്ചപ്പെടുത്താൻ
- പുതിയ പുസ്തകത്തിന്റെ സമീപനം ഉൾക്കൊള്ളാൻ
- പാഠപുസ്തകത്തിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ
- അധ്യാപന ശാസ്ത്രത്തിന്റെ പ്രഥമപാഠങ്ങൾ മനസ്സിലാക്കുവാൻ.

## മൂന്നു ചോദ്യങ്ങൾ

1. എന്താണ് പഠിപ്പിക്കേണ്ടത്? എന്ത് ലക്ഷ്യത്തോടെയാണ്



പഠിപ്പിക്കേണ്ടത്?

2. ആരെയാണ് പഠിപ്പിക്കേണ്ടത്?
3. എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം അറിഞ്ഞിരിക്കേണ്ടതാണ്.

### 1. വിശ്വാസപരിശീലനം എന്തെന്ന് അറിയുക

ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം ഇതാണ്. മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേയ്ക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്കും നയിച്ചുകൊണ്ട് ക്രിസ്തുവിൽ വളരുന്നതിന് സഹായിക്കുകയാണ് വിശ്വാസപരിശീലനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതിനായി വിശ്വാസത്തിന്റെ അറിവിലേയ്ക്കും അനുഭവത്തിലേയ്ക്കും ജീവിതത്തിലേയ്ക്കും കുട്ടികൾക്ക് വഴികാട്ടുന്നതാണ് ശരിയായ വിശ്വാസ പരിശീലനം.

“മിശിഹാ നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു” എന്ന വി. പൗലോസിന്റെ തീക്ഷ്ണതയാണ് ടീച്ചറിനു വേണ്ടത്. പഴയനിയമജനതയായ ഇസ്രായേലിന്റെ ചരിത്രമാണ് അഞ്ചാം ക്ലാസ്സിൽ പഠിപ്പിക്കാനുള്ളത്. പുതിയ നിയമജനതയായ സഭയുടെ പ്രതീകം കൂടിയാണ് ഇസ്രായേൽ. അതിനാൽ കുട്ടികൾക്ക് പഴയ നിയമജനതയെയും പുതിയനിയമജനതയെയും ബന്ധിപ്പിച്ചും താരതമ്യപ്പെടുത്തിയും പാഠ്യവസ്തുതകൾ വ്യക്തമാക്കികൊടുക്കാൻ ടീച്ചർ ശ്രദ്ധിക്കണം. എന്താണ് പഠിപ്പിക്കേണ്ടത് എന്നതിന്റെ ആന്തരാർത്ഥം ഇതാണ്.

എന്തു ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത് എന്നതിനും ടീച്ചറിന്റെ പക്കൽ വ്യക്തമായ ഉത്തരം ഉണ്ടായിരിക്കണം. പുതിയ ഇസ്രായേലിലെ അംഗമായ താൻ ദൈവഹിതം അനുസരിച്ച് ജീവിക്കേണ്ട വ്യക്തിയാണെന്ന അവബോധം ഓരോ കുട്ടിയിലും വളർത്തുകയാണ് ലക്ഷ്യമെന്ന് അറിഞ്ഞിരിക്കണം.

### 2. കുട്ടികളെ അറിയണം

നിങ്ങൾ പഠിപ്പിക്കേണ്ടതും വിശ്വാസപരിശീലനം നൽകേണ്ടതും കുട്ടികൾക്കാണല്ലോ. രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരം ഇതി

ലുണ്ട്. കുട്ടികളുടെ കാര്യത്തിൽ മൂന്നു സംഗതികൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്.

**a)** **പ്രായഭേദം:** കുട്ടികളുടെ പ്രായവ്യത്യാസം കണക്കിലെടുക്കണം. നിങ്ങളുടെ മുമ്പിലുള്ള കുട്ടികളുടെ പ്രായത്തോട് സംവദിക്കാൻ കഴിയണം. മൂന്നിലും നാലിലും പഠിക്കുന്ന കുട്ടികളിൽനിന്ന് കുറെയൊക്കെ വ്യത്യസ്തരാണ് അഞ്ചാം ക്ലാസ്സുകാർ എന്നോർമ്മിക്കണം. പ്രായം കവിഞ്ഞ കുട്ടികൾ ക്ലാസ്സിലുണ്ടെങ്കിൽ അതും പരിഗണിക്കാൻ മറക്കരുത്. പ്രായത്തിനു ചേർന്ന വിധത്തിൽ ആത്മീയാഹാരം പകർന്നു കൊടുക്കാൻ വിശ്വാസപരിശീലകർക്കു കടമയുണ്ട്.

**b)** **ദേശഭേദം:** കുട്ടികൾ വളർന്നുവരുന്ന ദേശത്തിന്റെ അഥവാ പ്രാദേശികഘടനയുടെ സന്താനങ്ങൾ കൂടിയാണ്. പ്രദേശത്തിന്റെ പ്രത്യേകതകൾ അവരിൽ നിഴലിക്കും. ഗ്രാമത്തിലെ പത്തു വയസ്സുകാരിയും നഗരത്തിലെ പത്തുവയസ്സുകാരിയും ചിന്തയിലും പ്രവൃത്തിയിലും വ്യത്യസ്തത പുലർത്തുന്നവരാണ്. ഈ വ്യത്യാസം വിശ്വാസപരിശീലനത്തിലും പരിഗണിക്കേണ്ടതുണ്ട്. പഠനപ്രവർത്തനങ്ങൾ നൽകുമ്പോഴും ചർച്ചകൾ സംഘടിപ്പിക്കുമ്പോഴും ഒക്കെ ദേശഭേദത്തിന് പ്രാധാന്യമുണ്ടെന്ന് ടീച്ചർ ഓർമ്മിക്കണം.

**c)** **കാലഭേദം:** അടുത്ത ഘടകം കാലത്തിന്റെ മാറ്റമാണ്. ടീച്ചർ കുട്ടിക്കാലം കഴിഞ്ഞുവന്ന വ്യക്തിയാണെങ്കിലും കുട്ടികളെ മനസ്സിലാക്കാൻ അതുമാത്രം പോരാ. കാരണം, കുട്ടികൾ വളരുന്നത് പുതിയ കാലത്താണ്. ഗതിവേഗം കൂടിയ ഇക്കാലത്ത് ജീവിക്കുന്ന കുട്ടികളുടെ പ്രത്യേകതകൾ ഗ്രഹിക്കാതെ ടീച്ചറിന് അവരെ നന്നായി പരിശീലിപ്പിക്കാൻ ആവില്ലെന്നോർക്കുക.

കുട്ടികളുടെ കഴിവുകൾ, കുറവുകൾ, താല്പര്യങ്ങൾ, സാധ്യതകൾ എന്നിവയൊക്കെ ടീച്ചർ അറിഞ്ഞിരിക്കണം. ചിരിക്കാനും കരയാനും സംസാരിക്കാനും കേൾക്കാനും കാണാനും ഓടാനും ചാടാനുമൊക്കെ കഴിവും ഉത്സാഹവുമുള്ളവരാണ് കുട്ടികൾ. അവ ഉപയോഗപ്പെടുത്താൻ കഴിയണം.

ഉദാഹരണമായി കുട്ടികളുടെ സംസാരിക്കാനുള്ള കഴിവുമാത്രം പരിഗണിക്കാം. നിരവധി കാര്യങ്ങൾ വാമൊഴിയിലൂടെ അവർ ചെയ്യും.



അതൊന്നു കുറിച്ചുവച്ചാൽ ഇങ്ങനെയായിരിക്കില്ലേ?

- കഥ പറയും
- പാട്ടുപാടും
- ചോദ്യം ചോദിക്കും
- ഉത്തരം പറയും
- വിശേഷങ്ങൾ പങ്കുവയ്ക്കും
- അറിയാവുന്ന കാര്യങ്ങൾ വിവരിക്കും
- ഭാവനാപരമായി ചിന്തിച്ചുപറയും
- സംഭവങ്ങൾ വിവരിക്കും
- പരാതികൾ പറയും
- നിർദ്ദേശങ്ങൾ ഉന്നയിക്കും
- ചിത്രം നോക്കി ആശയം പറയും...

ഇതെല്ലാം ചെയ്യാൻ അവസരമുള്ളതാണ് വിശ്വാസപരിശീലന വേദിയെങ്കിൽ കുട്ടികൾക്ക് ഇഷ്ടപ്പെടില്ലേ?

കളികൾ ഇഷ്ടപ്പെടുന്നവരാണ് കുട്ടികൾ. ഒത്തിരി കളിക്കുന്നവരാണ് അഞ്ചാം ക്ലാസ്സിലെ കുട്ടികൾ. അതിലൂടെ നിരവധി കാര്യങ്ങൾ സാധിക്കുന്നുണ്ട്.

- നിർദ്ദേശങ്ങൾ മനസ്സിലാക്കുന്നു
- നിയമങ്ങൾ അനുസരിക്കുന്നു
- നിയമം തെറ്റിച്ചാൽ തിരിച്ചറിയുന്നു
- തെറ്റുകൾ തിരുത്തുന്നു
- സന്തോഷവും സങ്കടവും പങ്കുവയ്ക്കുന്നു
- വികാരങ്ങൾ പ്രകടിപ്പിക്കുന്നു
- സംഘമായി പ്രവർത്തിക്കുന്നു
- പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഏർപ്പെടുന്നു.

ഇതെല്ലാം വിശ്വാസപരിശീലന ക്ലാസ്സിലും സംഭവിക്കുന്ന സംഗതികളാണ്. ഇതിനെല്ലാം കഴിവുള്ളവരാണ് മുന്നിലിരിക്കുന്ന കുട്ടികളെന്ന തിരിച്ചറിവ് ടീച്ചറിനുണ്ടാവണം. കുട്ടികളെ ശരിയായി മനസ്സിലാക്കാൻ ടീച്ചറിന് സഹായകമായ പല മാർഗങ്ങളുണ്ട്. അവയിൽ ചിലത് താഴെപ്പറയുന്നവയാണ്.

- കുട്ടികളുമായുള്ള ഇടപെടൽ
- സൂക്ഷ്മനിരീക്ഷണം
- ബാലമനഃശാസ്ത്രത്തിലുള്ള അറിവ്
- കുട്ടികളെ സംബന്ധിക്കുന്ന പുസ്തകങ്ങളുടെ വായന

### 3. പഠനരീതി അറിയണം

പുതിയ കാലം, പുതിയ കുട്ടികൾ, പുതിയ പാഠപുസ്തകം. ഇത്തരമൊരു സാഹചര്യത്തിൽ പുത്തൻ പഠനരീതികൾ കുട്ടികൾക്കു നൽകണം. അധ്യാപനത്തിന് പുതിയ മാർഗങ്ങൾ സ്വീകരിക്കണം. മുൻപ് കണ്ടതുപോലെ കുട്ടികളുടെ നാനാതരം കഴിവുകൾ ഉപയോഗപ്പെടുത്തുന്ന പഠനസമ്പ്രദായം ആവശ്യമാണ്. പ്രവർത്തനങ്ങൾക്കുള്ള അവസരം കുട്ടികൾക്ക് ആവോളം നൽകണം.

കേൾക്കാൻ മാത്രമല്ല, പറയാനും എഴുതാനും കാണാനും ചെയ്യാനും പറ്റിയ നിരവധി അവസരങ്ങൾ പാഠപുസ്തകം പ്രദാനം ചെയ്യുന്നു. ലളിതമായ പ്രവർത്തനങ്ങൾ വിശ്വാസത്തിന്റെ ഓരോരോ അംശങ്ങൾ സ്വായത്തമാക്കാൻ കുട്ടികളെ സഹായിക്കുന്നു. അവയൊന്നും നിസ്സാരങ്ങളല്ലതാനും. അതിനാൽ പുതിയ ബോധനരീതികൾ ഗ്രഹിക്കാൻ ടീച്ചർ തയ്യാറാവേണ്ടതാണ്.

## പഠനപ്രവർത്തനങ്ങൾ

വിശ്വാസപരിശീലന ക്ലാസ്സിൽ പ്രവർത്തനങ്ങളിലൂടെയാണ് പഠനം നടക്കേണ്ടത്. എന്നാൽ ശരിയായ പഠനപ്രവർത്തനങ്ങൾക്ക് ചില സവിശേഷതകൾ ഉണ്ടായേ മതിയാവൂ. ആ സവിശേഷതകൾ എന്തൊക്കെയാണെന്നു നോക്കാം.

- ഒരു ലക്ഷ്യത്തെ മുൻനിർത്തിയുള്ളത്
- കുട്ടികളിൽ താല്പര്യം ജനിപ്പിക്കുന്നത്
- കുട്ടികളുടെ പ്രകൃതത്തിന് ചേർന്നത്
- കുട്ടികൾക്ക് പ്രവർത്തനസ്വാതന്ത്ര്യം നൽകുന്നത്
- വിഷയവുമായി ബന്ധമുള്ളത്
- എല്ലാവർക്കും പങ്കാളിത്തമുള്ളത്
- സമയബന്ധിതമായി ചെയ്യാവുന്നത്



- പ്രായോഗികമായി എളുപ്പമുള്ളത്.
- കുട്ടികളുടെ നിലവാരത്തിന് യോജിച്ചത്
- കുട്ടികളിൽ വെല്ലുവിളി ഉയർത്തുന്നത്
- തുടർപഠനത്തിന് അവസരമുള്ളത്
- ടീച്ചറിന് വിലയിരുത്താൻ കഴിയുന്നത്.

പാഠപുസ്തകത്തിലെയും അധ്യാപക സഹായിയിലേയും പ്രവർത്തനങ്ങൾ കുട്ടികൾക്കു നൽകാം. പുതിയ പ്രവർത്തനങ്ങൾ ടീച്ചർ കണ്ടെത്തി കൊടുക്കുകയുമാവാം. അപ്പോഴൊക്കെ ഇപ്പറഞ്ഞ സവിശേഷതകൾ ഓർത്തിരിക്കുന്നത് നല്ലതാണ്.

### ടീച്ചർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് ഉറപ്പുവരുത്തണം. അത് തുടക്കത്തിലേ വാങ്ങാൻ നിർദ്ദേശിക്കുകയും വേണം.
2. പാഠപുസ്തകത്തിൽ വരയ്ക്കാനും എഴുതാനുമുള്ള കാര്യങ്ങൾ ക്ലാസ്സിൽവച്ചു മാത്രം ചെയ്യട്ടെ. ഇക്കാര്യം ടീച്ചർ മുൻകൂട്ടി കുട്ടികളെ ബോധ്യപ്പെടുത്തണം.
3. അധികപ്രവർത്തനങ്ങൾ വീട്ടിൽ വച്ച് ചെയ്യുന്നതിനായി കുട്ടികൾക്കു നൽകാം. അതു വ്യക്തമായി പറഞ്ഞു കൊടുത്തു വിടണം. പിറ്റേ ആഴ്ചവരുമ്പോൾ ചെയ്തത് പരിശോധിക്കുകയും വേണം.

## പാഠത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ

വിശ്വാസപരിശീലനം, കുട്ടികളുടെ പ്രത്യേകതകൾ, പുതിയ പഠനരീതി എന്നിവയെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കി. ഇനി പാഠങ്ങളിലേയ്ക്ക് വരികയാണ്. പാഠവിശകലനത്തിൽ പ്രത്യേകമായൊരു രൂപഘടന സ്വീകരിച്ചിട്ടുണ്ട്. അത് താഴെപ്പറയുന്ന വിധത്തിലാണ്.

### 1. ആമുഖം

പാഠത്തിന്റെ ഉള്ളടക്കം, സന്ദേശം, ഊന്നൽ കൊടുക്കേണ്ട പാഠ്യവസ്തുത എന്നിവയെക്കുറിച്ചുള്ള സംക്ഷിപ്തവിവരമാണ്

ആമുഖത്തിൽ ചേർക്കുന്നത്. പാഠത്തെക്കുറിച്ച് ടീച്ചറിന് ഒരു കാഴ്ചപ്പാട് ഉണ്ടാകാൻ ഇതുപകരിക്കും.

### 2. കുട്ടികൾ സ്വന്തമാക്കേണ്ടത്

ഒരു പാഠത്തിലൂടെ കുട്ടികൾ നേടേണ്ട ഉദ്ദേശ്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു. അവയെ മൂന്നായി തിരിക്കാം.

a) ബോധ്യം

b) മനോഭാവം

c) ശീലം എന്നിവയാണവ. ചോദ്യോത്തരങ്ങൾക്കും പ്രവർത്തനങ്ങൾക്കും ശേഷം കുട്ടികളിൽ ഇവ അവശേഷിച്ചാലേ വിശ്വാസ പരിശീലനം ഫലപ്രദമാവുകയുള്ളൂ.

### 3. ബോധനോപാധികൾ

ഓരോ പാഠവും നന്നായി അവതരിപ്പിക്കുന്നതിന് ചില പഠനോപകരണങ്ങൾ ആവശ്യമാണ്. ടീച്ചർ അവയെല്ലാം മുൻകൂട്ടി ശേഖരിച്ച് ക്ലാസ്സിൽ കൊണ്ടുപോകണം. ഗാനങ്ങൾ, കഥകൾ, കളികൾ, നാടകരൂപങ്ങൾ എന്നിവയൊക്കെ ചിലപ്പോൾ ആവശ്യമായി വരും. വസ്തുക്കൾ മാത്രമല്ല, വസ്തുതകളും കൂടി ഉൾപ്പെടുന്നതാണ് ബോധനോപാധികൾ. ടീച്ചർ മനസ്സിൽ തയ്യാറാക്കി കൊണ്ടുപോകുന്ന ഒരു പഠനപ്രവർത്തനവും ബോധനോപാധികളുടെ പരിധിയിൽ വരുന്നതാണ് എന്നോർമ്മിക്കുക.

### 4. പാഠാവതരണം

ഓരോ പാഠവും കുട്ടിക്കളുടെ മുന്നിൽ എങ്ങനെ അവതരിപ്പിക്കണമെന്ന് വിവരിക്കുന്ന ഭാഗമാണിത്. പാഠം തുടക്കം മുതൽ ഒടുക്കം വരെ വായിച്ചവതരിപ്പിക്കുന്ന കാലമൊക്കെ കടന്നുപോയി. കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പാഠം തുടങ്ങാൻ കഴിയണം. തുടരാനും അവസാനിപ്പിക്കാനും കഴിയണം. അതിനുള്ള സൂചനകളാണ് പാഠാവതരണത്തിൽ ചേർത്തിട്ടു ള്ളത്. അവയേക്കാൾ മെച്ചമെന്നു തോന്നുന്നവ കണ്ടെത്തിയാൽ ഉപയോഗിക്കാവുന്നതാണ്. ഏറ്റവുമധികം ഒരുക്കം ആവശ്യമുള്ള കാര്യമാണ് പാഠാവതരണമെന്ന് മറക്കരുത്.



### 5. പാഠബന്ധിതപ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഈ ഭാഗത്ത് ചേർത്തിരിക്കുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകിയിട്ടുണ്ട്. ടീച്ചറിനുള്ള സൂചനയായി എല്ലാ പ്രവർത്തനങ്ങളും ചെയ്യാൻ കുട്ടികളോട് നിഷ്കർഷിക്കണം.

### 6. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിൽ ഇല്ലാത്തതും പാഠങ്ങളോടു കൂട്ടിച്ചേർക്കാവുന്നതുമായ പ്രവർത്തനങ്ങളാണ് ഇവ. ഓരോന്നും ടീച്ചറിന്റ ഇഷ്ടാനുസരണം സ്വീകരിക്കാവുന്നവയാണ്. സന്ദർഭത്തിന് ഇണങ്ങും വിധം ആവശ്യമുള്ളിടത്തോളം. ഉപയോഗിക്കുക. അധ്യാപകസഹായിയിൽ ചേർക്കാത്ത പ്രവർത്തനങ്ങൾ കിട്ടുമെങ്കിൽ അവയും ക്ലാസ്സിൽ ഉപയോഗിക്കാം. അനുബന്ധിത പ്രവർത്തങ്ങളെല്ലാം ടീച്ചറിന്റെ മനോഭാവത്തിനുസൃതമായി ചെയ്യാനുള്ളതാണെന്ന് ഓർത്തിരിക്കുക.

## ഓരോ പാഠത്തിലും ഓർക്കേണ്ട കാര്യങ്ങൾ

1. ഓരോ പാഠവും രണ്ട് ദിവസം (2 ഞായറാഴ്ചകൾ) കൊണ്ട് പഠിപ്പിച്ചുതീർക്കണം എന്നാണ് ധാരണ. അതിനാൽ ഓരോ പാഠത്തിലെയും കാര്യങ്ങൾ രണ്ടായി വിഭജിച്ച് ഒരുങ്ങുന്നതാണ് സൗകര്യം. കഴിയുമെങ്കിൽ പാഠവസ്തുതകളും (Content) പ്രവർത്തനങ്ങളും (Activity) രണ്ടുദിവസങ്ങളിലും ഉൾപ്പെടുന്ന വിധത്തിൽ ക്രമികരിക്കുന്നതാണ് നല്ലത്.
2. പ്രവർത്തനങ്ങൾ പലതും ക്ലാസ്സിൽവച്ചുതന്നെ കുട്ടികൾ ചെയ്യേണ്ടതാണ്. രണ്ടു ദിവസങ്ങളിലായി ഒരു പാഠം പൂർത്തിയാക്കാൻ സമയം ലഭിക്കും. ഓരോ പ്രവർത്തനവും ചെയ്യാനുള്ള നിർദ്ദേശങ്ങൾ വ്യക്തമായും കൃത്യമായും നൽകണം. വീട്ടിൽ വച്ച് ചെയ്യേണ്ടവ ഉണ്ടെങ്കിൽ അത് രണ്ടാംദിവസം തന്നെ കുട്ടികളോട് പറഞ്ഞുവിടണം.
3. 'എന്റെ തീരുമാനം' എന്ന പേരിൽ കൊടുത്തിരിക്കുന്നവ കുട്ടികളിൽ രൂപപ്പെടേണ്ട ശീലം തന്നെയാണ്. ഓരോ പാഠത്തിലെയും തീരുമാനം എങ്ങനെ പ്രായോഗികമാക്കാമെന്നു വിശദമാക്കി

ക്കൊടുക്കണം. അത് അവരുടെ സ്വന്തം തീരുമാനമാക്കി മാറ്റണം. പിറ്റേ ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കണം

4. മിക്ക പാഠങ്ങളിലും കഥ പറയാൻ അവസരങ്ങളുണ്ട്. പരമാവധി സന്ദർഭങ്ങൾ ഇതിനായി ഉപയോഗിക്കണം. ഇടയ്ക്ക് കഥപറയാൻ കുട്ടികൾക്കും അവസരം നൽകണം. താല്പര്യം ഉണർത്തി, ആകാംക്ഷ വളർത്തി, ആശയങ്ങൾ സ്വീകരിക്കാൻ തക്കവിധം കഥ അവതരിപ്പിക്കണം. അതിന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.
   - വിശദാംശങ്ങൾ വിട്ടുകളയരുത്.
   - വ്യക്തികളെയും സംഭവങ്ങളെയും വർണ്ണിക്കണം.
   - കുട്ടികൾക്കിണങ്ങുന്ന പദങ്ങളും ഭാഷശൈലിയും ഉപയോഗിക്കണം.
   - കഥയ്ക്കിടയിൽ ചെറിയ ചോദ്യങ്ങൾ ചോദിക്കണം.
   - കുട്ടികളുടെ സഹായത്തോടെ കഥ പൂർത്തിയാക്കാൻ കഴിഞ്ഞാൽ നന്ന്.
   - വിശ്വാസപരിശീലനക്ലാസ്സിന് ഉതകുന്ന കഥകൾ തെരഞ്ഞെടുത്ത് അവതരിപ്പിക്കണം.

5. കളികളുടെ സ്വഭാവമുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകാവുന്നതാണ്. അവ സംഘടിപ്പിക്കുമ്പോൾ ചില കാര്യങ്ങളിൽ ശ്രദ്ധിക്കണം.
   - ◆ ക്ലാസ്സിന്റെ അന്തരീക്ഷത്തിനു ചേർന്നവ തെരഞ്ഞെടുക്കണം.
   - ◆ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ മുൻകൂട്ടി തീരുമാനിക്കണം.
   - ◆ നിർദ്ദേശങ്ങൾ വ്യക്തമായി കൃത്യമായും നൽകണം.
   - ◆ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ നിഷ്കർഷിക്കണം.
   - ◆ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം.
   - ◆ നിർദ്ദേശങ്ങൾ പാലിക്കാത്തവരെ തിരുത്തണം.
   - ◆ പ്രവർത്തനത്തിന്റെ ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കണം.



## ഓർമ്മിക്കാൻ മൂന്ന് കാര്യങ്ങൾക്കൂടി

1. ഈ അധ്യാപനസഹായി പൂർണ്ണമായി ശ്രദ്ധാപൂർവം വായിക്കണം. ഓരോ പാഠവിശകലനവും മനസ്സിലാക്കണം. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും അധ്യാപക സഹായിയും വായിച്ചുനോക്കുന്നത് അധ്യാപനത്തെ കൂടുതൽ സമഗ്രമാക്കാൻ സഹായിക്കും.
2. ഓരോ പാഠവും പഠിപ്പിക്കുന്നതിനു മുമ്പായി അതാത് പാഠ വിശകലനത്തിന്റെ സഹായത്തോടെ നല്ല ഒരുക്കം നടത്തണം. പാഠാസൂത്രണം നന്നായാൽ ക്ലാസ്സെടുക്കാൻ ഏറെ എളുപ്പമാകും. എന്തെല്ലാം കാര്യങ്ങൾ, ഏതു വിധത്തിൽ കുട്ടികൾക്ക് നൽകണം. എന്തെല്ലാം പ്രവൃത്തികൾ അവരെക്കൊണ്ടു ചെയ്യിക്കണം എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കുന്നതാണ് ആസൂത്രണം. നന്നായി നടത്തുന്ന പാഠാസൂത്രണം, പാഠാവതരണം നന്നായി നിർവ്വഹിക്കാൻ ടീച്ചറിനെ പ്രാപ്തയാക്കുമെന്നതിൽ സംശയ മില്ല.
3. പാഠാസൂത്രണത്തിൽ തീരുമാനിച്ച കാര്യങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതിവച്ചാൽ എളുപ്പമായി. അതുപയോഗിച്ച് ക്ലാസ്സ് നയിക്കാം. ടീച്ചറിന് വ്യക്തിപരമായി സൗകര്യമെന്നു തോന്നുന്ന വിധത്തിൽ എഴുതിയാൽ മതി. അതാണ് പാഠക്കുറിപ്പ്. ഓരോ പാഠത്തിനും പാഠക്കുറിപ്പ് എഴുതി ശീലിക്കുന്നത് കൂടുതൽ നന്നായി പാഠം ഒരുങ്ങാൻ ഇടവരും. പലയിടത്തുനിന്നായി ടീച്ചറിനു ലഭിക്കുന്ന അധികവിവരങ്ങളും പ്രവർത്തനങ്ങളും ഈ ബുക്കിൽ എഴുതാനും കഴിയും. ക്ലാസ്സിൽ ഉപയോഗിക്കാൻ പറ്റുന്ന കഥകൾ, പാട്ടുകൾ, ചിത്രങ്ങൾ എന്നിവയൊക്കെ ശേഖരിച്ചുവയ്ക്കാനും ഈ ബുക്ക് ഉപയോഗിക്കാം.

# 1
# നിത്യജീവൻ പ്രാപിക്കാൻ

## I ആമുഖം

നിത്യജീവൻ സ്വന്തമാക്കുകയാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. സ്നേഹത്തിൽ വളരുമ്പോഴാണ് നിത്യജീവൻ പ്രാപിക്കുന്നത്, സ്നേഹത്തിൽവളരാൻ ദൈവപ്രമാണങ്ങൾ ആത്മാർത്ഥതയോടെ അനുസരിക്കണം. ദൈവം നൽകിയ പ്രമാണങ്ങളെക്കുറിച്ചും അവ അനുദിന ജീവിതത്തിൽ പാലിക്കേണ്ടതിനെക്കുറിച്ചും വിവരിക്കുന്ന പാഠമാണിത്. കല്പന കാത്തു കഴിയാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന വിധം ഈ പാഠം അവതരിപ്പിക്കേണ്ടതാണ്.

## II. ബോധന ലക്ഷ്യങ്ങൾ

### a) കുട്ടികൾ സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

- ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം സ്നേഹമാണ്.
- ദൈവപ്രമാണങ്ങൾ നമ്മുടെ കടമകൾ ബോദ്ധ്യപ്പെടുത്തുന്നു.

### b) മനോഭാവങ്ങൾ- കുട്ടികൾ സ്വന്ചമാക്കേണ്ടവ

- ദൈവപ്രമാണങ്ങളിലെ സ്നേഹത്തിന്റെ സന്ദേശം നാം ഗ്രഹിക്കണം
- പ്രമാണങ്ങളുടെ ആന്തരികാർത്ഥം മനസ്സിലാക്കി അവ പാലിക്കണം.

### c) കുട്ടികൾ അനുവർത്തിക്കേണ്ട ശീലങ്ങൾ

- ദൈവപ്രമാണങ്ങൾ അനുസരിച്ച് ഞാൻ ജീവിക്കും.



## III. ബോധനോപാധികൾ

ഹൃദയത്തിന്റെ ആകൃതിയിൽ നിർമ്മിച്ച കടലാസുകൊണ്ടുള്ള അറ, പദക്കാർഡുകൾ, സമ്പൂർണ്ണ ബൈബിൾ, ചാർട്ടുപേപ്പർ

## IV. പാഠാവതരണം

'ഹൃദയം തുറക്കൽ ശാസ്ത്രക്രിയ' എന്ന പ്രവർത്തനത്തിലൂടെ പാഠാവതരണം നിർവ്വഹിക്കാം.

കട്ടിയുള്ള കടലാസുകൊണ്ട്, ഹൃദയത്തിന്റെ ആകൃതിയിൽ നിർമ്മിച്ച അറയിൽ താഴെപ്പറയുന്ന പദങ്ങളെഴുതിയ കാർഡുകൾ/സ്ലിപ്പുകൾ ഇടുക. ഭയം, സങ്കടം, നിരാശ, ദേഷ്യം, സന്തോഷം, ധൈര്യം, അഭിമാനം, സ്നേഹം തുടങ്ങിയവയാണ് ഹൃദയത്തിലുള്ളത്. ഹൃദയം കുട്ടികളെ കാണിച്ച ശേഷം 'ഹൃദയം തുറക്കൽ ശസ്ത്രക്രിയ' നടത്താൻ പോവുകയാണെന്ന് അറിയിക്കുന്നു. 8പേരെ ക്ഷണിക്കുന്നു. ഓരോന്ന് എടുക്കാൻ നിർദ്ദേശിക്കുന്നു. കിട്ടിയവ ഉറക്കെ വായിക്കാൻ അവസരം നൽക്കുന്നു. പദങ്ങളുടെ അടിസ്ഥാനത്തിൽ അവരെ രണ്ടു ഗണമായി വേർതിരിച്ചു നിർത്തുന്നു. കല്പനകൾ പാലിച്ചാൻ ലഭിക്കുന്നവയും ലംഘിച്ചാൽ ലഭിക്കുന്നവയും ഏതെല്ലാമെന്ന് വ്യക്തമാക്കുന്നു. ടീച്ചറിന്റെ വിശദീകരണത്തിലൂടെ പാഠത്തിലേക്ക് പ്രവേശിക്കാം.

## V. പാഠബന്ധിതപ്രവർത്തനങ്ങൾ

(നമുക്കു പ്രാർത്ഥിക്കാം, നമുക്കു പാടാം, ദൈവവചനം വായിക്കാം, വിവരിക്കാം, വഴിക്കാട്ടാനൊരു തിരവനചനം, എന്റെ തീരുമാനം എന്നീ പ്രവർത്തന്ങൾക്ക് അഞ്ചാം ക്ലാസ്സിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ചേർത്താൽമതി.)

### നമുക്ക് പ്രവർത്തിക്കാം

പത്തുപ്രമാണങ്ങൾ കുട്ടികൾ നേരത്തേ മനഃപാഠമാക്കിയിട്ടുണ്ട്. അവ ഒന്നുകൂടി ഓർമ്മിച്ചുചൊല്ലാനൻ അവസരം നൽകാം. പ്രമാണങ്ങൾ ചാർട്ടു പേപ്പറിൽ വലുതായി എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കാൻ നിർദ്ദേശിക്കാം.

### ഉത്തരം കണ്ടെത്താം.

1. പേജ്9.അവസാനവരി മുതൽ
2. ദൈവസ്നേഹവും സഹോദരസ്നേഹവും

3. പേജ് 11 ഖണ്ഡിക3

4. പേജ്11 ഖണ്ഡിക4

5. പേജ് 12 ഖണ്ഡിക3

## VI. അനുബന്ധിത പ്രവർത്തനങ്ങൾ കണ്ടുപിടിക്കാം

വിശുദ്ധരുടെ ജീവിതത്തിൽ പ്രമാണങ്ങൾ അനുസരിച്ചപ്പോൾ ഉണ്ടായ സന്തോഷം വിവരിക്കുന്ന ഭാഗങ്ങൾ ധാരാളമുണ്ട്. അവ കണ്ടെത്തുക. ക്ലാസ്സിൽ അവതരിപ്പിക്കുക.

അരുതിനുപകരം

കല്പനകളിൽ 'അരുത്' എന്നതിനു പകരം ചെയ്യേണ്ട കാര്യങ്ങൾ ഏവയെന്ന് ചർച്ച ചെയ്യുക. ഉദാ: കൊല്ലരുത്- രോഗികളെ പരിചരിക്കണം

മുറിവേറ്റവനെ സഹായിക്കണം

ജീവികളോട് കരണയോടെ പെരുമാറുക



# 2

# കർത്താവായ ദൈവം

## I. ആമുഖം

ഒന്നാം പ്രമാണത്തിന്റെ വ്യാഖ്യാനവും വിശദീകരണവുമാണ് ഈ പാഠം. ദൈവത്തെ ആരാധിക്കാനുള്ള നമ്മുടെ കടമയും ദൈവ വിശ്വാസത്തിന് എതിരായ തിന്മകളും ഈ പാഠത്തിൽ വിവരിക്കുന്നുണ്ട്. ദൈവാരാധനയിൽ ജീവിതം ചെലവഴിക്കേണ്ടത്തിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികൾക്ക് അറിവും പരിചയവും നൽക്കാൻ ഈ പാഠം ഉപകരിക്കും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- സ്രഷ്ടാവായ ദൈവത്തെ മാത്രമാണ് നാം ആരാധിക്കേണ്ടത്
- വിശുദ്ധർ നമുക്ക് എന്നും മാതൃകയാണ്

### b) മനോഭാവം

- ദൈവത്തിന് നന്ദിയും സ്തുതിയും ആരാധനയും അർപ്പിക്കാൻ നാം കടപ്പെട്ടവരാണ്
- എപ്പോഴും ദൈവത്തെ ഏറ്റുപറയാൻ നാം ആഗ്രഹിക്കണം

### c) ശീലം

- വിശുദ്ധ കർബ്ബാനയിൽ സജീവമായി പങ്കെടുത്ത് ഞാൻ ദൈവത്തെ ആരാധിക്കും

## III. ബോധനോപാധികൾ

പാട്ടുപുസ്തകം, സമ്പൂർണ്ണബൈബിൾ വിശുദ്ധരുടെ ചിത്രങ്ങൾ

## IV. പാഠാവതരണം

ആരാധനയുടെ ഒരു പാട്ടുപാടി ക്ലാസ്സ് ആരംഭിക്കാം. ആവർത്തിച്ചുപാടാൻ അവസരം നൽകാം. തുടർന്ന് പാട്ടിനെക്കുറിച്ച് ഒരു ലഘു ചർച്ച നടത്താം. ആരാധനയുടെ പാട്ടുകളുടെ പ്രത്യേകത, ആരാക്കാണ് ആരാധനയർപ്പിക്കുന്നത്. എന്നിവയൊക്കെ ചർച്ചചെയ്യാം. ദൈവമാണ് ആരാധനയ്ക്ക് അർഹൻ എന്ന ആശയം അവതിപ്പിച്ചുകൊണ്ട് പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

നമുക്കു പ്രവർത്തിക്കാം

മൂന്നു പ്രകരണങ്ങൾ ക്രിസ്തീയ ജീവിതത്തിൽ വളരെയധികം സഹായിക്കുന്നവയാണ്. അതിനാൽ ഇവ മനഃപാഠമാക്കി നിത്യവും ചൊല്ലുവാൻ കുട്ടികളെ പ്രേരിപ്പിക്കണം.

### ഉത്തരം കണ്ടെത്താം

1. പേജ് 15 ഖണ്ഡിക 2
2. പേജ് 15 ഖണ്ഡിക 4
3. പേജ് 15,16
4. പേജ് 16, ഖണ്ഡിക4
5. പേജ് 17 അവസാനഖണ്ഡിക

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### വിശുദ്ധരെ തിരിച്ചറിയാം

ഏതാനും വിശുദ്ധരുടെ ചിത്രങ്ങൾ അടങ്ങിയ ചാർട്ട് കുട്ടികളെ കാണിക്കുന്നു. ഓരോ വിശുദ്ധന്റെയും പേര് കണ്ടെത്തി എഴുതാൻ അവസരം നൽക്കുന്നു. ഒടുവിൽ ടീച്ചർ അത് പരിശോധിച്ച്, തെറ്റിയവ തിരുത്തുന്നു.

### പാട്ടുകൾ പാട്ടുകൾ

ആരാധനയുടെ പാട്ടുകൾ പലതാണ്. അവയിൽ ചിലത് ശേഖരിക്കാൻ ആവശ്യപ്പെടുന്നു. അത് ക്ലാസ്സിൽ പാടാൻ അവസരം നൽകുന്നു.



# 3

# ദൈവനാമം ആരാധ്യനാമം

## I. ആമുഖം

ദൈവനാമം എപ്രകാരം ഉപയോഗിക്കണം, ഉപയോഗിക്കരുത് എന്ന് വിശദീകരിക്കുന്നതാണ് ഈ പാഠം. രണ്ടാം പ്രമാണത്തിന്റെ പാലനം ഏതെല്ലാം വിധത്തിൽ ആയിരിക്കണമെന്ന് മനസ്സിലാക്കാൻ ഈ പാഠം സഹായിക്കും. വിശ്വാസപരിശീലനത്തിന്റെ പ്രാഥമിക തത്ത്വംകൂടി ഇതിൽ അടങ്ങിയിരിക്കുന്നു. ദൈവത്തിന്റെ നാമം ആദരവോടെ ഉപയോഗിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ദൈവത്തിന്റെ നാമം ആദരവോടെ മാത്രമേ ഉപയോഗിക്കാവൂ.
- വിശുദ്ധമായവയോടെല്ലാം ആദരവു പുലർത്തേണ്ടതാണ്.

### b) മനോഭാവം

- ബഹുമാനത്തോടെ ദൈവനാമം ഉച്ചരിക്കാൻ ശ്രദ്ധിക്കണം
- ദൈവമഹത്വത്തിനാണ് നാം നാവ് ഉഫയോഗിക്കേണ്ടത്

### C) ശീലം

- എല്ലാ ആവശ്യങ്ങളിലും ഈശോയുടെ തിരുനാമം ഞാൻ വിളിച്ചപേക്ഷിക്കും

## III. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, അനുദിന വിശുദ്ധർ, ചാർട്ടുപേപ്പർ

## IV. പാഠാവതരണം

ഒരു ലഘുചർച്ചയിലൂടെ പാഠാവതരണം നിർവ്വഹിക്കാം.

ദൈവനാമത്തിൽ ചെയ്യുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? കുട്ടികൾ പല ഉത്തരങ്ങൾ പറയും. ടീച്ചർ അവയെ ക്രോഡീകരിച്ച് അവതരിപ്പിച്ചാൽ മതി. പ്രാർത്ഥനകൾ ആരംഭിക്കുന്നത് ദൈവനാമത്തിലാണ്. അധികാരികൾ ചുമതലയേൽക്കുന്നത്, സത്യപ്രതിജ്ഞ ചെയ്യുന്നത്, കോടതിയിൽ സത്യം ബോധിപ്പിക്കുന്നതും ഒക്കെ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

എല്ലാ കുട്ടികളോടും പേരിന്റെ വിശുദ്ധനെ/ലിശുദ്ധയെ കണ്ടെത്താൻ ആവശ്യപ്പെടണം. അതിനു സഹായിക്കണം. ജീവചരിത്രം വായിക്കാൻ പ്രേരിപ്പിക്കണം. ജീവചരിത്രപുസ്തകം കുട്ടികൾക്ക് ലഭ്യമാക്കാൻ ശ്രമിക്കണം. ജീവചരിത്രക്കുറിപ്പ് എഴുതിക്കൊണ്ടുവരാൻ കുച്ചികളോട് ആവശ്യപ്പെടുകയുമാവാം.

### ഉത്തരം കണ്ടെത്താം

1. ദൈവത്തിന്റെ സാന്നിദ്ധ്യം
2. ആബാ
3. പേജ് 21 ഖണ്ഡിക3
4.ദൈവദൂഷണവും അസുദ്ധസഭാഷണവും
5. പേജ് 23 ഖണ്ഡിക3

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### തിരുനാൾദിനം

കുട്ടികളോട് അവരുടെ വിശുദ്ധനം/വിശുദ്ധയെ കണ്ടെത്തി, തിരു



നാൾദിനം ആഘോഷിക്കാൻ ആവശ്യപ്പെടാം. തിരുനാൾദിനം കണ്ടുപിടിക്കാൻ 'അനുദിനവിശുദ്ധർ' എന്ന പുസ്തകമുപയേഗിച്ച് ടീച്ചർ കുട്ടികളെ സഹായിക്കണം. എല്ലാകുട്ടികളുടെയും ഫീസ്റ്റ്ഡേ അടങ്ങിയ ലിസ്റ്റ് ചാർട്ടുപേപ്പറിൽ തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നതു നല്ലതാണ്.

### വിശുദ്ധ ഗ്രന്ഥവണക്കം

വിശുദ്ധഗ്രന്ഥം എടുക്കുമ്പോഴും വായിക്കുമ്പോഴും തിരികെവയ്ക്കുമ്പോഴും പൂജ്യമായി ഉപയോഗിക്കാനുള്ള പരിശീലനം നൽകാനുള്ള അവസരം ക്ലാസ്സിൽ സൃഷ്ടിക്കണം. കുട്ടികൾക്ക് വ്യക്തിപരമായി അതിന് അവസരം നൽകണം. അതിനായി സമ്പൂർണ്ണബൈബിൾ ക്ലാസ്സിൽ ഉണ്ടാകണം.

# 4
# കർത്താവിന്റെ ദിവസം

## I. ആമുഖം

കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കേണ്ടത് എങ്ങനെയെന്ന് വിശദീകരിക്കുന്ന പാഠമാണിത്. പഴയനിയമത്തിലെ സാബത്താചരണവും പുതിയ നിയമത്തിലെ ഞായറാഴ്ച ആചരണവും ഇവിടെ വിശദമായി അവതരിപ്പിക്കുന്നു. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും എപ്രകാരമാണ് പെരുമാറേണ്ടത് എന്നും എന്തെല്ലാം കടമകൾ നിർവ്വഹിക്കണമെന്നും കുട്ടികളെ പരിശീലിപ്പിക്കാൻ ഈ പാഠം ഉപകരിക്കുന്നു.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ഞായറാഴ്ച കർത്താവിന്റെ ദിനമാണ്
- സാബത്ത് നന്മചെയ്യാനുള്ള അവസരമാണ്

### b) മനോഭാവം

- ഞായറാഴ്ച ദിവസം ദൈവാരാധനയ്ക്കായി ലഭിച്ചതിൽ നാം നന്ദിയുള്ളവരായിരിക്കണം
- ഞായറാഴ്ച കൂടുതൽ സൽപ്രവൃത്തികൾ ചെയ്യാൻ നാം കടപ്പെട്ടിരിക്കുന്നു.

### c) ശീലം

- ഞായറാഴ്ചകളിൽ ഞാൻ വിശുദ്ധ കർബ്ബാനയിൽ പങ്കുകൊണ്ട് ഈശോയെ സ്വീകരിക്കും.



## III. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, കലണ്ടർ, ചാർട്ടുപേപ്പർ, ദൈവകല്പനകൾ, ഒരു പഠനം, 'കർത്താവിന്റെ ദിനം'

## IV. പാഠാവതരണം

ആഴ്ചയിലെ ആദ്യദിനമേത്? ഞായർ. ഇംഗ്ലീഷിൽ Sunday എന്നു പറയും. Sun- സൂര്യൻ. വെളിച്ചം തരുന്നവനാണ് സൂര്യൻ. ലോകത്തിനു വെളിച്ചം നൽകുന്നവനാണ് ഈശോ. 'ഞാൻ ലോകത്തിന്റെ പ്രകാശമാന്നു. ഈശോയുടെ ദിവസമാണ് Sunday അഥവാ ഞായർ. ഈശോ ഉയിർത്തെഴുന്നേറ്റ ദിവസമാണ് ഞായറാഴ്ച.

ഈ വിധത്തിൽ ചോദ്യോത്തരങ്ങളിലൂടെ സാബത്തിനെക്കുറിച്ച് പറഞ്ഞുകൊണ്ട് പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ഞായറാഴ്ച ദിവസം ചെയ്യാൻ കഴിയുന്ന കാരുണ്യപ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കിവരാൻ കുട്ടികളോട് ആവശ്യപ്പെടുക. അവ ക്ലാസ്സിൽ അവതരിപ്പിച്ച് പൊതുവായ ഒരു പട്ടികയെഴുതി ചാർട്ടുപേപ്പറിൽ തയ്യാറാക്കി വയ്ക്കുന്നത് നല്ലതാണ്. അതനുസരിച്ച് പ്രവർത്തിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

### ഉത്തരം കണ്ടെത്താം

1. പേജ് 25 അവസാനവരി മുതൽ
2. പേജ് 27 ഖണ്ഡിക1
3. പേജ് 28 ഖണ്ഡിക3
4.പേജ് 28
5.പേജ് 28

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### എന്റെ ഡയറി

ഒരു ഞായറാഴ്ചദിവസം ചെയ്ത കാര്യങ്ങൾ വിശദമായി ഡയറിയുടെ രൂപത്തിൽ എഴുതാൻ കുട്ടികളോട് നിർദ്ദേശിക്കാം. മാതൃക എവുതിക്കാണിക്കുന്നത് നല്ലതാണ്.

### കർത്താവിന്റെ ദിനം

ജോൺപോൾ രണ്ടാമൻ മാർപാപ്പ എഴുതിയ 'കർത്താവിന്റെ ദിനം' എന്ന അപ്പസ്തോലിക ലേഖനം കുട്ടികളെ പരിചയപ്പെടുത്താം. അതിലെ ചില ഭാഗങ്ങൾ വായിച്ചുകേൾപ്പിക്കാം.



# 5
# മാതാപിതാക്കളെ ബഹുമാനിക്കണം

## I. ആമുഖം

പഴയനിയമത്തിലും പുതിയനിയമത്തിലും നാലം പ്രമാണം അനുശാസിക്കുന്നത് എന്താണെന്ന് ഈ പാഠം വ്യക്തമാക്കുന്നു. മാതാപിതാക്കളുടെയും മക്കളുടെയും കടമകൾ വിശദമായി ഇതിൽ അവതരിപ്പിക്കുന്നുണ്ട്. മുതിർന്നവരോടുള്ള ആദരവിലും സ്നേഹത്തിലും വളർന്നുവരാൻ കുട്ടികളെ പരിശീലിപ്പിക്കാൻ ഈ പാഠം ഉപകരിക്കുന്നു

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ◆ മക്കൾ മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം
- ◆ നാം അധികാരികളെയും മുതിർന്നവരെയും ബഹുമാനിക്കണം.

### b) മനോഭാവം

- ◆ മാതാപിതാക്കളെ നൽകിയ ദൈവത്തോട് നന്ദിയുള്ളവരായിരിക്കണം
- ◆ മക്കളുടെ കടമകൾ ചെയ്യാൻ നമുക്ക് ചുമതലയുണ്ട്.

### c) ശീലം

- ◆ മാതാപിതാക്കളെയും മുതിർന്നവരെയും ഞാൻ അനുസരിക്കും.

## III. ബോധനോപാധികൾ

വിവിധ ചിത്രങ്ങൾ, അനുദിനവിശുദ്ധർ, സമ്പൂർണ്ണ ബൈബിൾ, ചാർട്ടുപേപ്പർ

## VI. പാഠാവതരണം

ചിത്രവായനയിലൂടെ പാഠാവതരണം നിർവ്വഹിക്കാം.

കുടുംബവുമായി ബന്ധപ്പെട്ട വിവിധ ചിത്രങ്ങൾ കുട്ടികളെ കാണിക്കുക. മക്കൾ മാതാപിതാക്കളോട് ആദരവ് പ്രകടിപ്പിക്കുന്ന തരത്തിലുള്ള ചിതങ്ങളാണ് വേണ്ടത്. തുടർന്ന് ഓരോ ചിത്രത്തെക്കുറിച്ചു ലഘുചർച്ചയാവാം. കുട്ടികൾ തങ്ങളുടെ അഭിപ്രായങ്ങൾപറയട്ടെ. അതിനുശേഷം വിപരീതാനുഭവം പകരുന്ന ചില ചിത്രങ്ങൾ കുട്ടികളെ കാണിക്കുക. അവയെക്കുറിച്ചും സംസാരിക്കാൻ അവസരം നൽകണം. അതിനുശേഷം പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

മാതാപിതാക്കളെ സഹായിക്കാൻ സാധിക്കുന്ന വിവിധ അവസരങ്ങലെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യണം. തുടർന്ന് കുട്ടികളോട് 5 അവസരങ്ങൾ എവുതിക്കൊണ്ടുവരാൻ ആവശ്യപ്പെടണം അവ ക്ലാസ്സിൽ വായിപ്പിക്കണം. അവ പാലിക്കാൻ വേണ്ട നിർദ്ദേശങ്ങളും നൽകണം.

### ഉത്തരം കണ്ടെത്താം

1. പേജ് 31 അവസാനവരികൾ
2. പേജ് 32 ഖണ്ഡിക3
3. പേജ് 33 ഖണ്ഡിക2
4. പേജ് 34 ഖണ്ഡിക2
5. പേജ് 33 ഖണ്ഡിക 4,5



## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### മാതൃകാകഥകൾ

വിശുദ്ധരുടെ ജീവിതത്തിൽ നിന്ന്, അവർ മാതാപിക്കളെ ആദരിച്ച് സംഭവങ്ങൾ കുട്ടികളോട് പറയുക. അത്തരം കഥകൾ ശേഖരിക്കാൻ ആവശ്യപ്പെടുക.

വചനം ശേഖരിക്കാം

നാലാം പ്രമാണവുമായി ബന്ധപ്പെട്ട അനേകം വചനങ്ങൾ ബൈബിളിലുണ്ട്. അവ ശേഖരിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ ചാർട്ടുപേപ്പറിൽ എഴുതി പ്രദർശിപ്പിക്ാൻ അവസരം നൽക്കുക.

# 6
# ജീവൻ ദൈവദാനം

## I. ആമുഖം

ജീവൻ നൽക്കുന്നത് ദൈവമാണെന്നും ജീവിനെ നശിപ്പിക്കാൻ മനുഷ്യന് അവകാസമില്ലെന്നും ഈ പാഠത്തിൽ പ്രതിപാദിക്കുന്നു. അഞ്ചാം പ്രമാണം പഴയനിയമത്തിലും പുതിയനിയമത്തിലും എങ്ങനെ അവതരിപ്പിക്കുന്നവെന്ന് ഈ പാഠം വ്യക്തമാക്കുന്നു. ജീവനെതിരെയുള്ള തിന്മകൾ ഒഴിവാക്കാൻ മാത്രമല്ല, ജീവനെ സംരക്ഷിക്കാനുള്ള ചുമതല ഏറ്റെടുക്കാൻ കൂടി നാം പരിശ്രമിക്കണം. ജീവനോട് ആദരവു പുലർത്താൻ ഈ പാഠം കുട്ടികളെ സഹായിക്കുന്നു.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ◆ ജീവൻ ദൈവത്തിന്റെ ദാനമാണ്
- ◆ ജീവനെ ആദരിക്കാനും സംരക്ഷിക്കാനും നമുക്ക് കടമയുണ്ട്.

### b) മനോഭാവം

- ◆ ജീവൻ നൽകിയ ദൈവത്തോട് നാം നന്ദിയുള്ളവരായിരിക്കണം
- ◆ ജീവന്റെ നാശത്തിനെതിരേ പ്രവർത്തിക്കാൻ നാം ഉത്സാഹിക്കണം

### c) ശീലം

- ◆ ഞാൻ ജീവനെ നശിപ്പിക്കുന്ന ലഹരിവസ്തുക്കളൊന്നും ഉപയോഗിക്കുകയില്ല

## III. ബോധനോപാധികൾ

പലതരം ചിത്രങ്ങൾ, സമ്പൂർണ്ണബൈബിൾ, ചാർട്ടുപേപ്പർ



## IV. പാഠാവതരണം

ചിരിക്കുന്ന കുഞ്ഞ്, വടിക്കുത്തി നടക്കുന്ന മുത്തശ്ശി, മുലയൂട്ടുന്ന അമ്മ, കളിക്കുന്ന കുട്ടികൾ, ഇടികൂടുന്ന കുട്ടികൾ, തോക്കുചൂണ്ടുന്ന മനുഷ്യൻ, പുകവലിക്കുന്ന ആൾ, മദ്യപിക്കുന്ന രണ്ടുപേർ- തുടങ്ങിയ ചിത്രങ്ങൽ കുട്ടികളെ കാണിക്കുക. അവയെക്കുറിച്ച് അഭിപ്രായങ്ങൾ പറയട്ടെ, ജീവന് അനുകൂലവും, പ്രതികൂലവുമായ ചിത്രങ്ങൾ തരംതിരിക്കട്ടെ. അതിലൂടെ പാഠാവതരണം നിർവ്വഹിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

രോഗീസന്ദർശനം ഒരു പുണ്യകർമ്മമാണ്. അതിന്റെ പ്രാധാന്യം കുട്ടികളെ ഗ്രഹിപ്പിക്കണം. ടീച്ചറിന്റെ നേതൃത്വത്തിൽ കുട്ടികളെ രോഗീസന്ദർശനത്തിന് കൊണ്ടുപോകുന്നത് നല്ലതാണ്.

### ഉത്തരം കണ്ടെത്താം

1.പേജ് 36 അവസാന ഖണ്ഡിക

2. പേജ് 37 അവസാനഖണ്ഡിക മുതൽ

3. പേജ് 38 ഖണ്ഡിക3

4. ആരോഗ്യസംരക്ഷണം, സമാധാന സംരക്ഷണം, പ്രകൃതി സംരക്ഷണം

5. പേജ് 38 ഖണ്ഡിക5

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### അറിയാം അകറ്റാം

ലഹരിവസ്തുക്കളുടെ ഉപയോഗം വരുത്തുന്ന ദോഷങ്ങൾ ഏവയെന്ന് കണ്ടെത്താൻ കുട്ടികളോട് നിർദ്ദേശിക്കാം. അവ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകാം.

### പോസ്റ്റർ നിർമ്മിക്കാം

ലഹരിക്കെത്തിരെയുള്ള മുദ്രാവാക്യങ്ങൾ, ചിത്രങ്ങൾ എന്നിവ ഉൾപ്പെട്ട പോസ്റ്ററുകൾ നിർമ്മിക്കാൻ ആവശ്യപ്പെടാം. അവ ക്ലാസ്സിൽ അവതരിപ്പിക്കാം.

# 7
# ലൈംഗിക വിശുദ്ധി

## I. ആമുഖം

പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരത്തെ എങ്ങനെ വിശുദ്ധമായി കാത്തുസൂക്ഷിക്കണമെന്നാണ് ഈ പാഠം വ്യക്തമാക്കുന്നത്. ലൈംഗികതയെക്കുറിച്ച് പ്രാഥമികമായി പഠിപ്പിക്കുകയെന്നതും ഈ പാഠത്തിന്റെ ലക്ഷ്യമാണ്. വിശുദ്ധിയോടെ ജീവിക്കാൻ ആവശ്യമായ കാര്യങ്ങൾ ഈ പാഠത്തിൽ വിവരിക്കുന്നുണ്ട്. ജീവിതവിശുദ്ധി പാലിച്ചു ജീവിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നതാണ് ഇതിലെ ഉള്ളടക്കം

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ◆ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ദൈവം മനുഷ്യനും കഴിവു നൽകി
- ◆ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും വിശുദ്ധി പാലിക്കേണ്ടവനാണ് മനുഷ്യൻ

### b) മനോഭാവം

- ◆ സ്നേഹിക്കാൻ കഴിവുനൽകിയ ദൈവത്തോട് നാം നന്ദിയുള്ളവരായിരിക്കണം
- ◆ സ്വന്തം ശരീരത്തേയും മറ്റുള്ളവരുടെ ശരീരത്തെയും ആദരവോടെ കാണാൻ ശ്രമിക്കണം

### c) ശീലം

- ◆ എന്റെ ശരീരവും മനസ്സും ഞാൻ വിശുദ്ധമായി കാത്തുസൂക്ഷിക്കും



## III. ബോധനോപാധികൾ

മരിയാ ഗൊരേത്തിയുടെ ചിത്രം, സമ്പൂർണ്ണബൈബിൾ, ഡോൺബോസ്കോയുടെ ചിത്രം.

## IV. പാഠാവതരണം

വിശുദ്ധ മരിയാ ഗൊരേത്തിയുടെ ചിത്രം കുട്ടികളെ കാണിക്കുന്നു. മരിയാ ഗൊരേത്തിയുടെ ജീവിത കഥ കുട്ടികളോട് വിവരിക്കുന്നു. അത്തരം സാഹചര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാം. തുടർന്ന് ജീവിതവിശുദ്ധിയുടെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

വിശുദ്ധ മരിയ ഗൊരേത്തിയുടെ ജീവിത കഥ കുട്ടികളോട് ഓർമ്മയിൽ നിന്ന് പറയാൻ ആവശ്യപ്പെടാം. ആ പുണ്യവതിയുടെ ജീവിതത്തിലെ വിവിധ സന്ദർഭങ്ങൾ വിവരിച്ചുകൊടുക്കാം.

### ഉത്തരം കണ്ടെത്താം

1. പേജ് 41 ഖണ്ഡിക1
2. പേജ് 41 ഖണ്ഡിക3
3. പേജ് 42 ഖണ്ഡിക2
4. പേജ് 42 ഖണ്ഡിക4
5. പേജ് 43 ഖണ്ഡിക2

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### കഥപറയാം

വിശുദ്ധ ഡോൺബോസ്കോയുടെ അമ്മ മാർഗരറ്റ് കുട്ടികളുടെ സംഭാഷണങ്ങ്ഹൾ ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ അയൽപക്കത്തെ കുട്ടികളെല്ലാം ചേർന്ന് തീകാഞ്ഞ്, കഥ പറയുകയായിരുന്നു. അതിനിടയിൽ ചില കുട്ടികൾ ചീത്തയായ സംസാരത്തിൽ ഏർപ്പെട്ടു. മാർഗരറ്റ് അവരെ ശാസിച്ചു. ഇത്തരം വാക്കുകൾ പറഞ്ഞ് രസിക്കരുതെന്ന് അവരെ

ബോധ്യപ്പെടുത്തി. പിൽക്കാലത്ത് ഡോൺബോസ്കോയും കുട്ടികളെ ഇക്കാര്യം ബോധ്യപ്പെടുത്തുമായിരുന്നു.

### സുന്ദരികളും സുന്ദരമാരും

ക്ലാസ്സിലെ കുട്ടികളോട് സൗന്ദര്യമുള്ളവർ മാത്രം എഴുന്നേറ്റുനില്ക്കട്ടെ എന്നു പറയാം. ചർച്ചയിലൂടെ ശാരീരിക സൗന്ദര്യത്തെക്കാൾ ആത്മാവിന്റെ സൗന്ദര്യമാണ് പ്രധാനമെന്ന് ടീച്ചർ വ്യക്തമാക്കണം.



# 8
# മോഷ്ടിക്കരുത്

## I. ആമുഖം

സാമൂഹികതിന്മകളിൽ ഏറെ ഗൗരവമുള്ള മോഷണം എന്നെ പാപത്തെക്കുറിച്ചും അതിന്റെ ദോഷഫലങ്ങളെക്കുറിച്ചു. വിശുദ്മായി പ്രതിപാദിക്കുന്ന പാഠമാണിത്. സമ്പത്ത് ദൈവികദാനമാണെന്നും പങ്കുവചും സഹായിച്ചും നീതിബോധത്തോടെ ജീവിക്കാൻ മനുഷ്യനു കടമയുണ്ടെന്നും ഏഴാം പ്രമാണം പഠിപ്പിക്കുന്നു. ചെറുപ്പം മുതൻ ഇത്തരം കാര്യങ്ങളിൽ കുട്ടികളിൽ അവബോധം ജനിപ്പിക്കാൻ ഉതകുന്ന വിധത്തിൽ പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത

### a) ബോധ്യം

- സമ്പത്ത് ദൈവികദാനമാണ്.
- ഓരോരുത്തർക്കും അവകാശപ്പെട്ടതു നൽകുന്നതാണ് നീതി.

### b) മനോഭാവം

- സമ്പത്ത് മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നാം കടപ്പെട്ടിരിക്കുന്നു.
- നാം നീതിബോധമുള്ളവരായി ജീവിക്കണം.

### c) ശീലം

- പൊതുവസ്തുക്കൾ ഞാൻ നശിപ്പിക്കുകയോ ദുരുപയോഗിക്കുകയോ ഇല്ല.

## III. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, ടോൾസ്റ്റോയ് കഥകള് ചാർട്ടുപേപ്പർ

## IV. പാഠാവതരണം

ഒരു കഥയിലൂടെ പാഠാവതരണം നിർവ്വഹിക്കാം.

ഒരു വീട്ടിൽ അപ്പച്ചനും അമ്മച്ചിയും മൂന്നുമക്കളും താമസിച്ചിരുന്നു. ഒരിക്കൾ അമ്മച്ചി കടയിൽ നിന്ന് കുറച്ചു മുന്തിരിങ്ങ വാങ്ങി കൊണ്ടു വന്നു. കറുത്തനിറമുള്ള നല്ല മുന്തിരിപ്പഴം. അമ്മ അതെടുത്ത് കഴുകി ഒരു വെളുത്ത പിഞ്ഞാണത്തിൽവച്ചു. കറുത്ത മുന്തിരി വെളുത്ത പിഞ്ഞാണത്തിൽ ഇരിക്കുമ്പോൾ നല്ല രസം.

ഇളയകുട്ടിക്ക് മുന്തിരിയൊന്നു കാണാൻ കൗതുകം തോന്നി. അവൻ ആരുമറിയാതെ മുന്തിരിയുടെ അടുത്തെത്തി. പിഞ്ഞാണത്തിന്റെ മുകളിൽ നിന്ന് മൂടിയെടുത്തുമാറ്റി. മുന്തിരികണ്ടപ്പോൾ അതൊന്നു തൊട്ടുനോക്കണമെന്ന് തോന്നി. ആരും കാണാതെ അവൻ മുന്തിരിയിൽ തൊട്ടുനോക്കി. നല്ല മാർദ്ദവം. അപ്പോൾ അതൊന്നു കയ്യിലെടുത്തു നോക്കണമെന്ന് അവനു തോന്നി. ആരും കാണാതെ അവൻ മുന്തിരി കയ്യിലെടുത്തു. അപ്പോൾ അതൊന്നു മണത്തുനോക്കണമെന്ന് അവനു തോന്നി. അവൻ മുന്തിരി മണത്തുനോക്കി.

അപ്പോൾ മുന്തിരിയൊന്നു തിന്നു നോക്കണമെന്ന് അവനു തോന്നി. അവൻ കുറച്ചുമുന്തിരിയെടുത്തു തിന്നു. പക്ഷെ അമ്മച്ചി അതു കണ്ടുപിടിച്ചു അപ്പോൾ ഒന്നും പറഞ്ഞില്ല. വൈകിട്ട് അപ്പച്ചൻ വന്നപ്പോൾ കാര്യം പറഞ്ഞു. അപ്പച്ചൻ അത്താഴം കഴിഞ്ഞ് മൂന്നു മക്കളെയും അടുത്തുവിളിച്ചിട്ടു ചോദിച്ചു : "നിങ്ങളാരെങ്കിലും ഇന്ന് മുന്തിരി കട്ടുതിന്നോ?"

"ഇല്ല" മൂന്ന് പേരും മറുപടി നൽകി.

"ശരി. എന്നാൽ ഒരു കാര്യം കേട്ടോളൂ. മുന്തിരി കട്ടുതിന്നുമ്പോൾ അതിന്റെ കുരു വയറ്റിൽ പോയാൽ ആ കുട്ടി മൂന്നു ദിവസത്തിനകം മരിക്കും."

ഇതു കേടത്തേ ഇളയകുട്ടിയുടെ മുഖം വിളറി. അവൻ വിക്കി വിക്കി പറഞ്ഞു: "അപ്പച്ചാ, അതിന് ഞാൻ മുന്തിരിയുടെ കുരുവെല്ലാം ജനലിൽകൂടി പുറത്തേക്ക കളഞ്ഞല്ലോ"



അവന്റെ മുറുപടികേട്ട് എല്ലാവരും പൊട്ടിചിരിച്ചു.

ലിയോ ടോൾസ്റ്റോയ് എഴുതിയ ഈ ചെറുകഥ വിശദമായി അവതരിപ്പിക്കാം. 'മോഷണം' എന്ന പാപത്തിലേക്കും 'മോഷ്ടിക്കരുത്' എന്ന കല്പനയിലേക്കും കുട്ടികളെ നയിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്ക് പ്രവർത്തിക്കാം.

തിന്മകളും പരിഹാരമാർഗങ്ങളും ചർച്ച ചെയ്യനമ്പമ്പോൾ ടീച്ചർ കുട്ടികളെ സഹായിക്കണം. ജീവിതത്തിൽ കുട്ടികൾക്ക് ഒരു ശീലമായിത്തീരാൻ അവരെ സഹായിക്കണം. അതിനു പറ്റിയ ചിന്തകളാണ് കുട്ടികൾക്ക് പകരേണ്ടത്.

### ഉത്തരം കണ്ടെത്താം.

1. പേജ് 45. ഖണ്ഡിക 2
2. പേജ് 46. ഖണ്ഡിക 2
3. പേജ് 47. ഖണ്ഡിക 1
4. പേജ് 45. അവസാന ഖണ്ഡിക
5. പേജ് 47. അവസാന ഖണ്ഡിക

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ആരൊക്കെ ? ആർക്കൊക്കെ ?

ആരൊക്കെ കുട്ടികൾക്ക് സാമ്പത്തികമായി സഹായം നൽകിയിട്ടുണ്ട് എന്ന കാര്യം ചർച്ച ചെയ്യാം. അതുപോലെ കുട്ടികൾ ആർക്കൊക്കെ ചെറിയ സഹായങ്ങളെങ്കിലും ചെയ്തുവെന്നും ചർച്ച ചെയ്യാം.

### സമ്പത്ത് ഉണ്ടായാൽ

സമ്പത്തുകൊണ്ട് ചെയ്യാവുന്ന നന്മ പ്രവൃത്തികൾ ഏവയെന്ന് കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടാം. അവ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകാം.

# 9
# സത്യം പറയുക

## I. ആമുഖം

കള്ളം പറയരുത് സത്യം പറയണം എന്ന പ്രമാണം വിശദീകരിക്കുന്ന പാഠമാണിത്. സത്യത്തിന് സാക്ഷ്യം വഹിക്കാൻ വന്ന ഈശോ കള്ളം പറയുന്നതിനെ വിലക്കുന്നു. സത്യത്തിന് വിരുദ്ധമായ തിന്മകളെക്കുറിച്ചും അവ ഒഴിവാക്കേണ്ടതിന്റെ ആവശ്യകതെക്കുറിച്ചും ഈ പാഠത്തിൽ വിശദമായി പ്രതിപാദിക്കുന്നു. സത്യസന്ധരായി ജീവിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന വിധത്തിൽ പഠിപ്പിക്കേണ്ടതാണ് ഈപാഠം

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- സത്യത്തിനു സാക്ഷ്യം വഹിക്കാൻ ഈശോ ലോകത്തിലേയ്ക്കു വന്നു
- സത്യം അറിയാനുള്ള അവകാശം എല്ലാവർക്കുമുണ്ട്.

### b) മനോഭാവം

- ചിന്തയിലും വാക്കിലും പ്രവൃത്തിയിലും സത്യസന്ധത പാലിക്കാൻ നാം കടപ്പെട്ടിരിക്കുന്നു.

### c) ശീലം

- എന്തു വില കൊടുത്തും ഞാൻ സത്യസന്ധത പുലർത്തും

## III. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, ചാർട്ടുപേപ്പർ, സാരോപദേശ കഥകൾ



## IV. പാഠാവതരണം

ഒരു കഥയിലൂടെ പാഠാവതരണം നടത്താം.

നേതാവ് സ്വർഗത്തിൽ ഒരു വിനോദയാത്രയ്ക്കുപോയി. മാലാഖ സ്വർഗ്ഗത്തിലെ കാഴ്ചകളൊക്കെ കാണിച്ചു. ഏറ്റവുമൊടുവിൽ അവർ സ്വർഗത്തിലെ വലിയൊരുമുറിയിലെത്തി. അവിടെ ചുവരുകൾ നിറയെ ക്ലോക്കുകൾ നിരത്തിവച്ചിരിക്കുന്നു. ഇതു സ്വർഗത്തിലെ ക്ലോക്കുകടയാണോ നേതാവിനു സംശയം തോന്നി. അപ്പോൾ മാലാഖ പറഞ്ഞു:" ഇതു ക്ലോക്കു വിൽക്കുന്ന കടയൊന്നുമല്ല. ഭൂമിയിൽ ജനിക്കുന്ന ഓരോ ആൾക്കും വേണ്ടി ഓരോ സൂചി വീതമേയുള്ളൂ. സമയമറിയാനല്ല ഈ ക്ലോക്ക്. ക്ലോക്കിന്റെ ഉടമസ്ഥനായ വ്യക്തി നുണ പറഞ്ഞാൽ ചലിക്കുന്ന ക്ലോക്കാണിത്. ഒരു നുണ പറഞ്ഞാൻ സൂചി ഒരക്കം മാറും. രണ്ടുനുണ പറഞ്ഞാൽ രണ്ടക്കം മാറും'

ഇതു കേട്ട നേതാവിന് കൗതുകമായി. അയാൾ ക്ലോക്കുകൾ സൂക്ഷിച്ചുനോക്കി. ഒരു ക്ലോക്കിന്റെ സൂചി അനങ്ങിയിട്ടേയില്ല. അതാരുടെ ക്ലോക്കാണെന്ന് അയാൾ അന്വേഷിച്ചു. അത് മദർ തെരേസയുടേതാണെന്ന് മാലാഖ പറഞ്ഞു. തൊട്ടടുത്തായി രണ്ടക്കം മാറിയ സൂചിയുള്ള ക്ലോക്കു കണ്ടു. അത് ഗാന്ധിജിയുടേതാണെന്ന് മാലാഖ അറിയിച്ചു. ചെറുപ്പത്തിൽ ഗാന്ധിജി രണ്ടുതവണ കളവുപറഞ്ഞുതായി വായിച്ചിട്ടുള്ളത് അയാൾ ഓർത്തു. 'എന്റെ ക്ലോക്ക് ഇവിടെയുണ്ടോ?' നേതാവ് ചോദിച്ചു.

'നിങ്ങളുടെ ക്ലോക്ക് സ്വർഗ്ഗത്തിലുണ്ട്' മാലാഖ മറുപടി പറഞ്ഞു. 'എന്നാൽ അത് ഈ മുറിയിലല്ല, തൊട്ടപ്പുറത്തെ മുറിയിൽ ടേബിൾ ഫാനായി ഉപയോഗിക്കുകയാണ്.

ഈ കഥ ആകർഷകമായി അവതരിപ്പിക്കാം, ക്ലോക്ക് ടേബിൾ ഫാനായി മാറത്തക്കവിധം കളവുപറയുന്ന സ്വഭാവത്തെ പാപമായി വിശദീകരിക്കണം. നിങ്ങളുടെ ക്ലോക്കിന്റെ അവസ്ഥയെന്തായിരിക്കും എന്നൊരു ചോദ്യവും ഉന്നയിക്കാം. അതിൽ നിന്ന് പാഠത്തിലേയ്ക്ക് വരാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

കള്ളം പറയുന്ന ശീളമുള്ള സുഹൃത്തിനെ തിരുത്തുന്നതു വഴി സ്വയം ആ തെറ്റ് ചെയ്യാതിരിക്കാൻ കൂടി കഴിയും. അതിനാൽ ഇക്കാര്യത്തിൽ കുട്ടികളെ പ്രേരിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യണം.

### ഉത്തരം കണ്ടെത്താം

1. പേജ് 50 ഖണ്ഡിക 3
2. പേജ് 51 ഖണ്ഡിക 1
3. പേജ് 52 ഖണ്ഡിക 3
4. പേജ് 51, 52
5. പേജ് 52 അവസാന ഖണ്ഡിക

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### മൊഴിമുത്തുകൾ

വിശുദ്ധരുടെ ജീവിതത്തിൽ നിന്ന് സത്യത്തെ പ്രകീർത്തിക്കുന്ന വാക്യങ്ങൾ ശേഖരിച്ച് എഴുതാൻ ആവശ്യപ്പെടാം. ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യട്ടെ.

### ചർത്ത ചെയ്യാം

നുണ പറയുക, കോപ്പിയിക്കുക എന്നീ അവസരങ്ങളിൽ തനിക്കും മറ്റുള്ളവരക്കും ഉണ്ടാക്കുന്ന ദോഷങ്ങളെക്കുറിച്ചു ക്ലാസ്സിൽ ചർച്ചചെയ്യാം. ടീച്ചർ ഇടപെട്ട് ഉചിതമായ മനോഭാവത്തിലേയ്ക്ക്.



# 10
# ദാമ്പത്യവിശുദ്ധി പാലിക്കുക

## I. ആമുഖം

വിവാഹബന്ധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പഴയനിയമവും പുതിയ നിയമവും അവതരിപ്പിക്കുന്ന ചിന്തകളാണ് ഈ പാഠത്തിലുള്ളത്. ദാമ്പത്യ ജീവിതത്തെ ഈശോ അനുഗ്രഹിക്കുന്നതായി ഇവിടെ കാണം. വിശ്വസ്ത പാലിച്ച വിശുദ്ധിയിൽ ജീവിക്കാൻ ഈശോ ദമ്പതികളെ ക്ഷണിക്കുന്നു. നല്ല കുടുംബങ്ങൾ ഭാവിയിൽ ഉണ്ടാകാൻ ഇന്നത്തെ കുട്ടികൾ നല്ല മനോഭാവത്തോടെ വളരണം. അതിനു സഹായിക്കുന്ന വിധത്തിൽ ഈ പാഠം ഉപയോഗിക്കണം

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- വിവാഹം ഒരു കൂദാശയാണ്
- നല്ല കുടുംബങ്ങളാണ് സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ല്.

### b) മനോഭാവം

- കുടുംബത്തിൽ ജനിക്കാനും ജീവിക്കാനും കഴിഞ്ഞതിൽ നാം ദൈവത്തോട് നന്ദിയുള്ളവരായിരിക്കണം
- വിശുദ്ധമായ ജീവിതത്തിനുള്ള വിളയാണ് വിവാഹ ജീവിതമെന്ന് നാം മനസ്സിലാക്കണം

### c) ശീലം

- കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനുവേണ്ടി ഞാൻ ദിവസവും പ്രാർത്ഥിക്കും

## III. ബോധനോപാധികൾ

ആശംസാകാർഡുകൾ സമ്പൂർണ്ണബൈബിൾ, ചാർട്ടുപേപ്പർ, അനുദിനവിശുദ്ധർ

## IV. പാഠാവതരണം

പദസൂര്യൻ തയ്യാറാക്കി പാഠാവതരണം നിർവ്വഹിക്കാം.




മുകളിൽ കൊടുത്തവിധം വിവാഹാഘോഷവുമായി ബന്ധപ്പെട്ട് വസ്തുക്കളുടെയും കർമ്മങ്ങളുടെയും പദസൂര്യൻ തയ്യാറാക്കാൻ ആവശ്യപ്പെടുക. പട്ടുസാരി, ആഭരണം, മോതിരം മാറൽ, വീഡിയോ, പന്തൽ, യാത്രകൾ, വിവാഹസദ്യ, മധുരം വയ്ക്കൽ തുടങ്ങിയ വാക്കുകൾ എഴുതാൻ ഇടയുണ്ട്. ഇവയിൽ കൂദാശ, ആശീർവാദം, കുർബ്ബാന, പ്രതിജ്ഞ തുടങ്ങിയവ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുക. അവയിൽ ഊന്നി ലഘുചർച്ച നടത്തുക. കൗദാശികമായ കാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കേണ്ടതിലേക്ക് ശ്രദ്ധയൂന്നി പാഠത്തിലേക്കു പ്രവേശിക്കാം.

താലികെട്ട്, മന്ത്രകോടി അണിയിക്കൽ, പ്രതിജ്ഞ എന്നിവയുടെ അർത്ഥം വിശദീകരിച്ച് വിവാഹജീവതത്തിലെ അടിസ്ഥാനകടമകൾ അവിഭാജ്യത, വിശുദ്ധി- എന്നിവയൊക്കെ അവതരിപ്പിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ചർച്ച ചെയ്യാനുള്ള വിഷയം കുട്ടികൾക്ക് വിശദമായി വ്യക്തമാക്കിക്കൊടുക്കണം. അഴരുടെ നിലവാരത്തിനു ചേർന്ന കാര്യങ്ങൾ മാത്രം ചർച്ചച്ചെയ്താൽ മതി.



### ഉത്തരം കണ്ടെത്താം.

1. പേജ് 55 ഖണ്ഡിക 1
2. പേജ് 56 ഖണ്ഡിക 3
3. പേജ് 56 അവസാന ഖണ്ഡിക
4. പേജ് 57 ഖണ്ഡിക 3
5. പേജ് 57 ഖണ്ഡിക 4,5

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ആശംസകൾ

മാതാപിതാക്കളുടെ വിവാഹവാർഷികദിനം ഏതാണെന്ന് കുട്ടികൾ ചോദിച്ചറിയട്ടെ. അന്നേദിവസം ആശംസകൾ അർപ്പിക്കാൻ നിർദ്ദേശിക്കാം. പൂക്കൾ, ആശംസകാർഡുകൾ, ചെറിയ സമ്മാനങ്ങൾ എന്നിവയിൽ ഏതെങ്കിലും നൽകുന്നതും നല്ലതാണ്.

### വിവാഹിതർ വിശുദ്ധർ

വിവാഹിതരായ വിശുദ്ധരുടെ പേരുകൾ ശേഖരിച്ച് എഴുതാൻ അവസരം നൽകണം. അവരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാനും ആവശ്യപ്പെടണം

ഉദാ: വി.മോനിക്ക, വി.ജാന്നാ, വാഴ്ത്ത.ഫ്രെഡറിക്ക് ഓസാനാം.

# 11

# അവകാശമില്ലാത്തത് ആഗ്രഹിക്കരുത്

## I. ആമുഖം

പണം എങ്ങനെ സമ്പാദിക്കണം, എങ്ങനെ ചെലവഴിക്കണം എന്ന് വ്യക്തമായി പഠിപ്പിക്കുന്ന പാഠമാണിത്. നീതിയോടെ വേണം ജീവിക്കാനെന്ന് ഈശോ പഠിപ്പിക്കുന്നു. അപരന് അവകാശപ്പെട്ട തൊന്നും ആഗ്രഹിക്കരുതെന്നും ഓരോരുത്തർക്കും കൊടുക്കാനുള്ളത് കൊടുക്കണമെന്നും കുട്ടികൾ മനസ്സിലാക്കി വളരണം. അതിനവരെ സഹായിക്കുന്ന വിധത്തിൽ പാഠം അവതരിപ്പിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

a) ബോദ്ധ്യം

- അത്യാഗ്രഹം ദൈവകല്പനയുടെ ലംഘനമാണ്
- മറ്റുള്ളവരുടെ സമ്പത്തിൽ നാം കണ്ണുവയ്ക്കരുത്

b) മനോഭാവം

- ന്യായമായ മാർഗത്തിലൂടെ മാത്രമേ സ്വത്തു സമ്പാദിക്കാൻ നമുക്ക് അവകാശമുള്ളൂ.
- ഉള്ളതിൽ നിന്ന് ഇല്ലാത്തവന് കൊടുക്കാൻ നമുക്ക് കടമയുണ്ട്.

**c) ശീലം**

- എന്റെ ക്ലാസ്സിലെ പാവപ്പെട്ട കുട്ടികളെ ഞാൻ സഹായിക്കും



## III. ബോധനോപാധികൾ

ഡോൺബോസ്കോയുടെ ജീവചരിത്രം, സമ്പൂർണ്ണ ബൈബിൾ, ചാർട്ടു പേപ്പർ, പ്ലേറ്റ്, മിഠായി, ചെറിയ പടങ്ങൾ.

## IV. പാഠാവതരണം

ക്ലാസ്സിൽ ആകെ 30 കുട്ടികൾ ഉണ്ടെന്നിരിക്കട്ടെ. ഒരു പ്ലേറ്റിൽ 30 മിഠായിയോ, പടമോ വയ്ക്കുക, എന്നിട്ടു പറയണം. നിങ്ങൾക്ക് എല്ലാവർക്കമുള്ള മിഠായി/പടം ഇവിടെ വച്ചിട്ടുണ്ട്. എല്ലാവരും എടുത്തുകൊള്ളുക.

അല്പനേരത്തേക്ക് ടീച്ചർ മാറിനിൽക്കുക. പിന്നീട് എല്ലാവർക്കും മിഠായി/ പടം കിട്ടിയോ എന്ന് അന്വേഷിക്കുക. ആർക്കെങ്കിലും കിട്ടാതായാൽ ആരാണ് കൂടുതൽ എടുത്തതെന്ന് അന്വേഷിക്കുക. അതു ശരിയാണോ എന്ന ചോദ്യമുന്നയിച്ച് ചർച്ച് നടത്താം. മറ്റുള്ളവരുടേത്, അവർക്ക് അവകാശപ്പെട്ടത് നാം കൈവശപ്പെടുത്തരുത് അങ്ങനെ ചെയ്താൽ അത് അനീതിയാണെന്ന ആശയത്തിലേയ്ക്ക് ചർച്ച എത്തിച്ചേരണം. ഇനി പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

**നമുക്കു പ്രവർത്തിക്കാം**

മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും മനഃപാഠമാക്കാൻ കുട്ടികൾക്ക് വലിയ പ്രയാസമില്ല. എന്നാൽ അവയുടെ ആന്തരാർത്ഥവും ഉദാഹരണങ്ങളും ചർച്ചകളിലൂടെ കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കാൻ ടീച്ചർ ശ്രദ്ധിക്കണം.

ഉത്തരം കണ്ടെത്താം

1. പേജ് 61 ഖണ്ഡിക 3
2. പേജ് 61 ഖണ്ഡിക 3
3. പേജ് 62 ഖണ്ഡിക 3
4. പേജ് 62 ഖണ്ഡിക 4,5
5. പേജ് 62 ഖണ്ഡിക 1

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### അപ്പത്തിന്റെ കഥ

ഡോൺബോസ്കോ ചെറുപ്പത്തിൽ ആടുമേയ്ക്കാൻ പോയിരുന്നു. ഒരു കൂട്ടുകാരനും ഒപ്പമുണ്ടായിരുന്നു. രുചിയില്ലാത്ത കറുത്ത അപ്പമാണ് കൂട്ടകാരൻ ഉച്ചയ്ക്കുകഴിക്കാൻ കൊണ്ടുവന്നിരുന്നത്. ഡോൺബോസ്കോയാവാട്ടെ മധുരമുള്ള വെള്ളുത്ത അപ്പവും. ഡോൺ ബോസ്കോ പലപ്പോഴും തന്റെ അപ്പം കൂട്ടുകാരനു കൊടുത്ത്, കൂട്ടുകാരന്റെ അപ്പം വാങ്ങി കഴിക്കമായിരുന്നു. അതു തനിക്ക് വലിയ ഇഷ്ടമാണെന്നായിരുന്നു ഡോൺബോസ്കോ പറഞ്ഞിരുന്നത്.

ഈ കഥ വിശദമായി കുട്ടികൾക്കു പറഞ്ഞുകൊടുക്കാം

### എഴുതാം എഴുതാം

ദൈവം ദാനമായി തന്നിട്ടുള്ള കാര്യങ്ങൾ എന്തെക്കെയെന്ന് ഓർത്തെഴുതാൻ കുട്ടികളോട് ആവശ്യപ്പെടാം. അവയ്ക്കു വേണ്ടി നന്ദി പറയാൻ അവരെ പ്രേരിപ്പിക്കാം.



# 12
# ശ്രേഷ്ഠമായ കല്പന

## I. ആമുഖം

സ്നേഹമാണ് കല്പനകളുടെ കാതൽ എന്നു പഠിപ്പിക്കുന്ന പാഠമാണിത്. ഈശോ നൽകിയ സ്നേഹത്തിന്റെ കല്പനയ്ക്ക് രണ്ടുവശങ്ങളുണ്ട്. ദൈവസ്നേഹവും സഹോദരസ്നേഹവും.സ്നേഹത്തിന്റെ പുതിയ കല്പനയ്ക്ക് ഇക്കാലത്തുള്ള വലിയ വില വ്യക്തമാകത്തക്ക വിധത്തിൽ ഈ പാഠം അവതരിപ്പിക്കണം

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ◆ സ്നോഹമാണ് ദൈവകല്പനകളുടെ സാരം
- ◆ സ്നേഹത്തിന്റെ രണ്ടു വശങ്ങളാണ് ദൈവസ്നേഹവും സഹോദരസ്നേഹവും

### b) മനോഭാവം

- ◆ മനുഷ്യരെ സ്നേഹിക്കുമ്പോഴാണ് നമുക്ക് ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നത്.
- ◆ സ്നേഹത്തിന്റെ പുതിയ കല്പന നൽകിയ ഈശോയെ നമുക്ക് സ്തുതിക്കാം.

### c) ശീലം

- ◆ എന്റെ സ്നേഹം ഞാൻ ദിവസവും പ്രവൃത്തികളിലൂടെ പ്രകടിപ്പിക്കും

## III. ബോധനോപാധികൾ

പദക്കാർഡുകൾ, ചാർട്ടുപേപ്പർ, സമ്പൂർണ്ണ ബൈബിൾ

## IV. പാഠാവതരണം

കുട്ടികൾക്ക് ഓരോ പദങ്ങളെഴുതിയ നറുക്കുകൾ നൽക്കുന്നു. കിട്ടിയ നറുക്ക് രഹസ്യമായി വായിച്ച് കയ്യിൽ പിടിക്കുന്നു.

നന്മ, സ്നേഹ, അനുസരണം, നീതി, ക്ഷമ, അച്ചടക്കം, തിന്മ, ദേഷ്യം, വെറുപ്പ്, അഹങ്കാരം, വിരോധം, അലസത.

എന്നിങ്ങനെ രണ്ടുതരത്തിലുംപെട്ട കാര്യങ്ങളാണ് നറുക്കുകളിൽ എഴുതേണ്ടത്. കിട്ടിയ നറുക്കുകളുടെ അടിസ്ഥാനത്തിൽ രണ്ടു ഗ്രൂപ്പായി തിരിയാൻ ആവശ്യപ്പെടുന്നു. നന്മയും തിന്മും എന്ന നിലയ്ക്ക് രണ്ടു ഗ്രൂപ്പുകൾ ഉണ്ടാക്കും. അവയിൽ ഏതു ഗ്രൂപ്പാണ് നല്ലത്? നന്മയുടെ ഗ്രൂപ്പ് തിന്മയുടെ ഗ്രൂപ്പിനെ നറുക്കുകൾ തിരിച്ചുവാങ്ങി സ്വസ്ഥാനങ്ങളിൽ ഇരുത്തുന്നു. നന്മയുടെ ഗ്രൂപ്പ് ചേർന്ന് ഏറ്റവും നല്ല കാര്യത്തെ തെരഞ്ഞെടുക്കട്ടെ. ഉത്തരം 'സ്നേഹം' എന്നാവണം. ടീച്ചർ ആവശ്യമെന്നു തോന്നിയാൽ കുട്ടികളെ അതിനു സഹായിക്കണം. മറ്റ് നന്മകളെല്ലാം ഉണ്ടാവുന്നത് സ്നേഹം ഉള്ളപ്പോഴാണ്. സ്നേഹം ഇല്ലാതായാൽ മറ്റു നന്മകൾ അർത്ഥശൂന്യമായിത്തീരും എന്ന ആശയം കുട്ടികളിൽ ഉറപ്പിക്കണം. ഇനി ഒന്നുമെഴുതാത്ത നറുക്കുകൾ എല്ലാവർക്കും കൊടുക്കുക. അതിൽ 'സ്നേഹം' എന്നെഴുതാൻ എല്ലാവരോടും ആവശ്യപ്പെടുക.

എല്ലാ കുട്ടികളും സ്നേഹം എന്നെഴുതുന്നു. അവ ഉയർത്തിപ്പിടിക്കുന്നു. സ്നേഹത്തിന്റെ ആശയം വിശദമാക്കുന്ന പാട്ടുപാടുന്നു. തുടർന്ന് പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

അഞ്ചു വിശുദ്ധരുടെ പേരുകൾ കണ്ടെത്തിയാൽ അവരുടെ ലഘു ജീവചരിത്രവും ചിത്രവും ശേഖരിക്കാൻ നിർദ്ദേശിക്കാം. അതിന് കുട്ടികളെ ടീച്ചർ സഹായിക്കുകയും വേണം.



### ഉത്തരം കണ്ടെത്താം

1. പേജ് 65 ഖണ്ഡിക 2
2. പേജ് 66 ഖണ്ഡിക 3
3. പേജ് 68 ഖണ്ഡിക 2
4. പേജ് 68 കോളം
5. പേജ് 68 ഖണ്ഡിക3

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### സ്നേഹമൊഴികൾ

സ്നേഹത്തെക്കുറിച്ചുള്ള കവിവാക്യങ്ങൾ ശേഖരിച്ച് എഴുതാൻ കുട്ടികളോട് ആവശ്യപ്പെടാം. അവ വലിയ ചാർട്ടുപേപ്പറിൽ എഴുതി പ്രദർശിപ്പിക്കുകയുമാവാം.

### വായിക്കാം എഴുതാം

1കോറി,13: 4-8 എന്ന വചനഭാഗം കുട്ടികൾ വായിക്കട്ടെ. ചാർട്ടു പേപ്പറിൽ എഴുതി ക്ലാസ്സിൽ ഒട്ടിച്ചുവയ്ക്കാൻ നിർദ്ദേശിക്കാം.

# 13

# തിരുസഭയുടെ കല്പനകൾ

## I. ആമുഖം

തിരുസ്സഭ, അംഗങ്ങൾക്ക് പാലിക്കുന്നതിനായി അഞ്ചു കല്പനകൾ നൽകിയിട്ടുണ്ട്. അവപാലിക്കാൻ സഭാംഗങ്ങൾക്കെല്ലാം കടമയുണ്ട്. ദൈവകല്പനകൾ സകല മനുഷ്യർക്കും വേണ്ടിയാണെങ്കിൽ തിരുസ്സഭയുടെ കല്പനകൾ സഭയിലെ വിസ്വാസികൾക്കു വേണ്ടിയുള്ളതാണ്. അവ പാലിക്കുന്നതു വഴിസഭയുടെ ഐക്യവും വളർച്ചയും ഉണ്ടാകും. നമ്മുടെ ആത്മീയ വളർച്ചയ്ക്കും ഇവ സഹായിക്കുമെന്ന് ഈ പാഠം വ്യക്തമാക്കുന്നു.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

◆ ദൈവകല്പനകൾ എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്

◆ തിരുസ്സഭയുടെ കല്പനകൾ സഭയിലെ എല്ലാ അംഗങ്ങൾക്കും വേണ്ടിയുള്ളതാണ്.

### b) മനോഭാവം

◆ സഭയുടെ ഐക്യത്തിനും വളർച്ചയ്ക്കും തിരുസ്സഭയുടെ കല്പനകൾ ഉപകരിക്കുന്നു.

◆ നമ്മുടെ ആത്മീയവളർച്ചയെ ഈ കല്പനകൾ സഹായിക്കുന്നു.



### b) ശീലം

◆ തിരുസ്സഭയുടെ കല്പനകൾ പാലിച്ച് ഞാൻ സഭയുടെ വിശ്വസ്ത അംഗമായി ജീവിക്കും.

## III. ബോധനോപാധികൾ

ചിത്രങ്ങൾ, പോസ്റ്റർ, സമ്പൂർണ്ണബൈബിൾ, ചാർട്ടുപേപ്പർ.

## IV. പാഠാവതരണം

ഒരുചർച്ചയിലൂടെ പാഠം അവതരിപ്പിക്കാം. സ്കൂൾ നിയമങ്ങൾ, റോഡുനിയമങ്ങൾ, സ്കൗട്ടുനിയമങ്ങൾ, ആശുപത്രി നിയമങ്ങൾ തുടങ്ങിയവയൊക്കെ കുട്ടികൾക്ക് പരിചിതങ്ങളാണ്. സ്ഥാപനം, പ്രസ്ഥാനം, സംഘടന എന്നിവയ്ക്കൊക്കെ നിയമങ്ങൾ ഉണ്ട്. അവയുടെ നിലനില്പിനും വളർച്ചയ്ക്കും നിയമങ്ങൾ ഉപകരിക്കുന്നു. അവയിൽ അംഗങ്ങളായവർ നിയമങ്ങൾ അനുസരിക്കണം. അതുപോലെ സഭയ്ക്കും നിയമങ്ങൾ ഉണ്ട്. ഈ വിധത്തിൽ നിയമങ്ങളെക്കുറിച്ചുള്ള പൊതുവായ ചർച്ചയിലൂടെ സഭയുടെ കല്പനകളിലേയ്ക്കും പാഠഭാഗത്തേയ്ക്കും എത്തിച്ചേരാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

**നമുക്കു പ്രവർത്തിക്കാം.**

തിരുസ്സഭയുടെ കല്പനകൾ മനഃപാഠമാക്കാൻ പ്രയാസമില്ല. അവകൃത്യമായി അനുസരിക്കുന്നതിനുള്ള മനോഭാവം കുട്ടികളിൽ വളർത്താൻ ടീച്ചർ ശ്രദ്ധിക്കണം.

**ഉത്തരം കണ്ടെത്താം.**

1. പേജ് 71. ഖണ്ഡിക 2,3
2. പേജ് 72, 73
3. പേജ് 72. ഖണ്ഡിക 2
4. പേജ് 72. ഖണ്ഡിക 5
5. പേജ് 74. ഖണ്ഡിക 4

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ചർച്ച ചെയ്യാം

ഉപവാസംഎന്നാലെന്ത്? ഉപവാസത്തിന്റെ ഗുണങ്ങളേവ? ഉപവാസദിനങ്ങളേവ ? കുട്ടികൾഎങ്ങനെ ഉപവാസത്തിൽ പങ്കുചേരണം എന്നീ കാര്യങ്ങൾ ചർച്ചചെയ്യണം.

തിരുസ്സഭയുടെ കല്പനകൾ ചിത്രീകരിക്കുന്ന പോസ്റ്റർ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകാം.



# 14
# മനഃസാക്ഷി രൂപീകരണം

## I. ആമുഖം

ദൈവത്തിന്റെ സ്വരമായ മനഃസാക്ഷിയെക്കുറിച്ച് പഠിപ്പിക്കുന്ന പാഠമാണിത്. മനഃസാക്ഷിയുടെ പ്രത്യേകതകൾ, മനഃസാക്ഷിയും വിശ്വാസവും, മനഃസാക്ഷി രൂപീകരണം തുടങ്ങിയ കാര്യങ്ങൾ വളരെ വിശദമായി പാഠത്തിൽ വിവരിക്കുന്നു.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ദൈവത്തിന്റെ സ്വരമാണ് മനഃസാക്ഷി.
- ഈശോയിൽ വിശ്വസിക്കുന്നവർക്ക് വിശ്വാസമാണ് മനഃസാക്ഷിയുടെ അടിസ്ഥാനം.

### b) മനോഭാവം

- മനഃസാക്ഷി രൂപീകരണം വിശ്വാസത്തിനനുസൃതം നടക്കേണ്ടതാണ്.
- തിന്മയെ ഉപേക്ഷിക്കാനം നന്മയെ മുറുകെപ്പിടിക്കാനും നാം പരിശ്രമിക്കണം.

### c) ശീലം

- മനഃസാക്ഷിയുടെ സ്വരം കേട്ട് ഞാൻ പ്രവർത്തിക്കും

## III. ബോധനോപാധികൾ

പുതിയ നിയമം, ചാർട്ടു പേപ്പർ, ജീവിജലങ്ങൾ- വാഹനങ്ങൾ- സംഗീതോപകരണങ്ങൾ തുടങ്ങിയവയുടെ ചിത്രങ്ങൾ.

## IV. പാഠാവതരണം

താഴെക്കാണും വിധത്തിലുള്ള ഒരു ചർച്ചയിലൂടെ പാഠം അവതരിപ്പിക്കാം.

പലതരം സ്വരങ്ങൾ നാം കേൾക്കാറുണ്ട്. സ്വന്തംസ്വരം, മറ്റു മനുഷ്യരുടെ സ്വരം, ജീവജലങ്ങളുടെ സ്വരം, വാഹനങ്ങളുടെ സ്വരം, സംഗീതോപകരണങ്ങളുടെ സ്വരം, റേഡിയോ-ടി.വി സ്വരം, മൈക്കിലൂടെ വലിയ സ്വരം, ഫോണിലൂടെ ചെറിയ സ്വരം തുടങ്ങി പലതരം സ്വരങ്ങൾ, ഇവയൊക്കെ നാം കേൾക്കുന്നതോടൊപ്പം മറ്റുള്ളവർക്കും കേൾക്കാവുന്നതും മറ്റാർക്കും കേൾക്കാനാവാത്തതുമായ സ്വരമുണ്ട്. അതാണ് നമ്മുടെയുള്ളിൽ നിന്ന് മുഴങ്ങുന്ന സ്വരം. അതു നമുക്ക് മാത്രം കേൾക്കാം. അത് നമ്മുടെ മനസ്സിന്റെ അഥവാ മനഃസാക്ഷിയുടെ സ്വരമാണ്.

ഈ വിധത്തിൽ കുട്ടികളെ പാഠത്തിലേയ്ക്കു നയിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്ക് പ്രവർത്തിക്കാം

മനഃസാക്ഷിയെക്കുറിച്ചുള്ള ചർച്ചയിൽ ടീച്ചർ കുട്ടികളെ സഹായിക്കണം. നിരവധി ഉദാഹരണങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞാൽ കുട്ടികൾ ചർച്ചയിൽ സജീവമായി പങ്കുകൊള്ളും. ഉത്തമമായ മനഃസാക്ഷി അവരിൽ രൂപപ്പെടാൻ തക്കവിധം ചർച്ചയെ നിയന്ത്രിക്കണം.

### ഉത്തരം കണ്ടെത്താം

1. പേജ് 76 ഖണ്ഡിക2
2. പേജ് 77 അവസാനഖണ്ഡിക
3. പേജ് 78 ഖണ്ഡിക2
4. പേജ് 78, 79
5. പേജ് 79 ഖണ്ഡിക4



## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ഓർത്തുപറയാം

മനഃസാക്ഷിയുടെ സ്വരം ശ്രവിച്ച് നന്മചെയ്ത ഒരു സന്ദർഭം ഓർത്തുപറയാൻ കുട്ടികൾക്ക് അവസരം നൽകാം.

### വചനമെഴുതാം

മനഃസാക്ഷിയെക്കുറിച്ച് ബൈബിളിലെ ലേഖനഭാഗങ്ങളിലുള്ള വചനഭാഗം കണ്ടെത്തി എഴുതുവാൻ അവസരം നൽകാം.

# 15

# സുവിശേഷ ഭാഗ്യങ്ങൾ

## I. ആമുഖം

ഈശോയുടെ പ്രബോധനങ്ങളിൽ പ്രധാനപ്പെട്ടതാണ് മലയിലെ പ്രസംഗം. അതിന്റെ സാരാംശമാണ് സുവിശേഷഭാഗ്യങ്ങൾ അവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന പാഠമാണിത്. യതാർത്ഥ ക്രിസ്തുശിഷ്യനായി ജീവിക്കാൻ സഹായിക്കുന്ന കാര്യങ്ങളാണിവ. കുട്ടികളുടെ ഹൃദയത്തിൽ പതിയുന്ന വിധത്തിൽ ഈശോയുടെ പഠനങ്ങൾ നൽകാൻ ടീച്ചർ ശ്രദ്ധിക്കണം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- മലയിലെ പ്രസംഗത്തിന്റെ സാരാംശം സുവിശേഷഭാഗ്യങ്ങളാണ്
- സുവിശേഷഭാഗ്യങ്ങൾ അനുസരിക്കുമ്പോഴാണ് നാം ക്രിസ്തുശിഷ്യരായിത്തീരുന്നത്

### b) മനോഭാവം

- സുവിശേഷഭാഗ്യങ്ങളിലൂടെ ക്രിസ്തുശിഷ്യരുടെ ഗുണങ്ങൾ പഠിപ്പിച്ച് ഈശോയോട് നാം നന്ദിയുള്ളവരായിരിക്കണം

### c) ശീലം

- ഈശോയുടെ വചനമനുസരിച്ച് ഞാൻ ജീവിക്കും.

## III. ബോധനോപാധിക

ബൈബിൾ- പുതിയനിയമം, വിവിധ ചിത്രങ്ങൾ, ചാർട്ടുപേപ്പർ



## IV. പാഠാവതരണം

ചിത്രവായനയിലൂടെ പാഠാവതരണം നിർവ്വഹിക്കാം.

മാർപാപ്പ വത്തിക്കാനിൽ പൊതു പ്രസംഗം നടത്തുന്നതിന്റെ ചിത്രം, രാഷ്ട്രത്തലവന്മാർ രാഷ്ട്രത്തെ സംബോധന ചെയ്യുന്ന ചിത്രം (അരിക്കിൽ പതാക ഉണ്ടാകണം) ഉദാ: പ്രധാനമന്ത്രി, പ്രസിഡന്റ്.

മേൽപ്പറഞ്ഞ ചിത്രങ്ങൾ കാണിച്ച് ചോദ്യങ്ങൾ ചോദിക്കണം. ചിത്രത്തിൽ കാണുന്നതാര്? അവർ എന്തു ചെയ്യുന്നു? സന്ദർഭം ഏത്? പ്രത്യേകതയെന്ത്? ഔദ്യോഗികമായി പഠിപ്പിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. തുടർന്ന് മലയിലെ പ്രസംഗത്തിന്റെ ചിത്രം കാണിക്കുന്നു. ഈശോയുടെ മലയിലെ പ്രസംഗത്തിന്റെ പ്രത്യേകത ചർച്ച ചെയ്യുന്നു. ക്രിസ്തുശിഷ്യരുടെ സവിശേഷതകളെക്കുറിച്ച് ഈശോ പഠിപ്പിക്കുന്നത് മലയിലെ പ്രസംഗത്തിൽ വച്ചാണ്. ഈ പശ്ചാത്തലത്തിൽ പാഠഭാഗത്തേയ്ക്കു പ്രവേശിക്കാക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

സുവിശേഷഭാഗ്യങ്ങൾ മനഃപാഠമാക്കാൻ മാത്രമല്ല, അവ സ്വായത്തമാക്കാനും ശീലമാക്കി മാറ്റാനും കുട്ടികളെ പ്രേരിപ്പിക്കണം

### ഉത്തരം കണ്ടെത്താം

1. പേജ് 81 അവസാന ഖണ്ഡിക മുതൽ
2. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും
3. പേജ് 83 ഖണ്ഡിക 1
4. പേജ് 83 ഖണ്ഡിക 4
5. പേജ് 83 ഖണ്ഡിക 4

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### പറയാം പറയാം

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി മാറാൻ എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് പറയാൻ നിർദ്ദേശിക്കുക. ടീച്ചർ കുട്ടികളെ സഹായിക്കണം

### ചാർട്ടെഴുതാം

സുവിശേഷഭാഗ്യങ്ങൾ ചാർട്ടിലെഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കാം. അതിൽ ഉചിതമായ ചിത്രങ്ങളും ചേർക്കാം. മനഃസാക്ഷിയെക്കുറിച്ച് ബൈബിളിലെ ലേഖനഭാഗങ്ങളിലുള്ള വചനഭാഗം കണ്ടെത്തി എഴുതുവാൻ അവസരം നൽകാം.